# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 15, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--357]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : 1374 മുതൽ 1479 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : 1480 മുതൽ 1534 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 1535 മുതൽ 1622 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : 1623 മുതൽ 1730 വരെ |

### ഏറനാട് മണ്ഡലത്തിലെ ഹാഡ പദ്ധതി

1374. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാഡ പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, ചാലിയാർ എന്നീ പഞ്ചായത്തുകളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്;

(ബി) പ്രസ്തുത പ്രവർത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്; പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നവ ഏതൊക്കെയാണ്; വർഷം തിരിച്ച് വിശദാംശം നൽകുമോ?

### ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1375. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളിൽ 100 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവർക്ക് ആയിരം രൂപാ സമാശ്വാസമായി നൽകിവരുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിപ്രകാരം സമാശ്വാസ തുകയായ 1000 രൂപ എത്ര സ്ത്രീത്തൊഴിലാളികൾക്ക് നൽകിയെന്നറിയിക്കാമോ;

(സി) ഈ പദ്ധതിപ്രകാരം ഏതെല്ലാം വർഷങ്ങളിലാണ് സമാശ്വാസ തുക നൽകിയിട്ടുള്ളത് ?

## ആലപ്പുഴ ജില്ലയിലെ നബാർഡ് പദ്ധതികൾ

1376. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ പ്രവർത്തികൾ എന്തൊക്കെയാണ് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കണ്ണൂർ ജില്ലയിലെ ഹാഡ പദ്ധതി

1377. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഡ (എച്ച്.എ.ടി.എ) പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് കണ്ണൂർ ജില്ലയിൽ അനുവദിച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ മേൽപദ്ധതിപ്രകാരം പരിഗണനയിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും,അതിന് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

## ഫുൾടൈം കോർഡിനേറ്ററായി നിയമനം

1378. **ശ്രീ.ആർ . സെൽവരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യാൻ താല്പര്യമുള്ള നോൺ ഗസറ്റഡ് സർക്കാർ ജീവനക്കാർക്ക് ഫുൾടൈം കോർഡിനേറ്ററായി നിയമനം നൽകുവാനുള്ള ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ ഫുൾടൈം കോർഡിനേറ്ററായി ജോലി നോക്കുന്ന ജീവനക്കാരുടെയും ബന്ധപ്പെട്ട പഞ്ചായത്തിന്റെയും വിശദാംശം ലഭ്യമാക്കുമോ?

## പി എം ജി എസ് വൈ

1379. ശ്രീ.ഹൈബി ഈഡൻ
,, എം.പി.വിൻസെൻറ്
,, സി.പി.മുഹമ്മദ്
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പി എം ജി എസ് വൈ അനുസരിച്ച് മുടങ്ങി കിടന്ന റോഡുകളുടെ പണി പൂർത്തിയാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പി. എം. ജി.എസ്. വൈ റോഡുകൾ

1380. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡുകളാണ് പുതുതായി നിർമ്മിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിനായി ലഭിച്ച കേന്ദ്രവിഹിതം എത്രയാണെന്ന് അറിയിക്കുമോ?

## ഹാഡ പദ്ധതി

1381. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്ത്/വില്ലേജുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവ എപ്രകാരമെന്നും വിശദമാക്കുമോ?

## ഭവന പദ്ധതികൾ

1382. പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.ബി.സത്യൻ
,, എ.എം. ആരിഫ്
,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന ഭവന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിത ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതും നിർത്തലാക്കിയതും പുതുതായി നടപ്പിലാക്കിയതുമായ ഭവന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

## റോഡ് നിർമ്മാണം

1383. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ റോഡ് നിർമ്മാണ പദ്ധതിക്കായി ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഇതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## മലയോര വികസന ഏജൻസി

1384. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി (ഹാഡ )എന്നാണ് രൂപീകരിച്ചത്; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വികസന പദ്ധതികൾക്കായി തുകയനുവദിക്കുന്നതിനുള്ള മാനദണ്ഡവും പദ്ധതിയനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങളും വിശദമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഹാഡയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഹാഡ രൂപീകൃതമായതിനുശേഷം ഓരോ സാമ്പത്തിക വർഷവും പത്തനംതിട്ട ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ പേരും തുകയും നിയോജകമണ്ഡലവും വ്യക്തമാക്കാമോ;

(ഡി) പദ്ധതിയിൽ ഉൾപ്പെടുത്തിയ ശേഷം, പത്തനംതിട്ട ജില്ലയിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ച പദ്ധതികൾ എത്ര; പഞ്ചായത്തുകൾ ഏവ; ഏതെല്ലാം പദ്ധതികൾക്കാണ് തുകയനുവദിച്ചത്;

(ഇ) ഈ വർഷത്തിലെ പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട സമയം കഴിഞ്ഞോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മലയോര വികസന അതോറിറ്റി

1385. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലയോര വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും എന്ത് തുക വീതം നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

## ഹിൽ ഏരിയാ ഡെവലപ്പ്മെന്റ് ഏജൻസി

1386. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 2015-2016 ൽ ഹിൽ ഏരിയാ ഡെവലപ്പ്മെന്റ് ഏജൻസി മുഖേന ഫണ്ട് ലഭ്യമാക്കി കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കു ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1387. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ കഴിഞ്ഞത്; ഏതെല്ലാം മേഖലകളിലാണ് പ്രവൃത്തികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് അറിയിക്കാമോ?

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1388. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 2015-16 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദീകരിക്കുമോ;

(ബി) തൊഴിലാളികൾക്ക് ഇതുവരെയുള്ള പ്രതിഫലം കൊടുത്തുതീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുവരെയുള്ള കുടിശ്ശിക നിലവിലുണ്ടെന്നു വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഏതെല്ലാം മേഖലകളെയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ജോലിക്കിടെ മരണമടയുന്ന തൊഴിലാളികളുടെ കുടുംബത്തിന് സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ടോ; വിശദമാക്കുമോ?

<u>വികസന പരിശീലന കേന്ദ്രങ്ങൾ</u>

1389. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പരിശീലന കേന്ദ്രങ്ങളിലെ തസ്തികകൾക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ;എങ്കിൽഏതെല്ലാം തസ്തികകളാണ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം എത്ര എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികകളുണ്ടെന്നും ,അവയിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ;

(സി) എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഇന്ദിര ആവാസ് യോജന</u>

1390. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഇന്ദിര ആവാസ് യോജനയുടെ സാമ്പത്തിക നേട്ടങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ കൊല്ലത്തേയും കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ; ഇത് അതത് വർഷം ആകെ ഫണ്ടിന്റെ എത്ര ശതമാനം വീതം വരുമെന്നറിയിക്കുമോ?

<u>ഇന്ദിര ആവാസ് യോജന</u>

1391. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന് ഇപ്പോൾ അനുവദിക്കുന്നത് എത്ര രൂപയാണ്; ഇതിൽ കേന്ദ്ര - സംസ്ഥാന വിഹിതം എത്ര വീതമാണ്;

(ബി) ഈ പദ്ധതിയുടെ പേര് ഇപ്പോൾ മാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ പദ്ധതിയുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ഐ.എ.വൈ. പദ്ധതി പ്രകാരം റാന്നി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിലായി റാന്നി, കോയിപ്രം, മല്ലപ്പള്ളി, ഇലന്തൂർ ബ്ലോക്കുകളിലൂടെ 2011 മുതൽ ഇതേവരെ അനുവദിച്ചതും, നിർമ്മാണം പൂർത്തിയാക്കിയതുമായ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; പൂർത്തിയാക്കാത്തവയുടെ എണ്ണവും കാരണവും വ്യക്തമാക്കാമോ;

(ഡി) ധനസഹായം അനുവദിച്ചവർക്ക് വിതരണം ചെയ്യാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; കുടിശ്ശിക തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വില വർദ്ധനവ് മൂലം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീടിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പോകുന്ന സാഹചര്യംശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിർമ്മാണം മുടങ്ങിക്കിടക്കുന്ന വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനായി അധിക തുക അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകുന്ന സംസ്ഥാന സർക്കാറിന്റെ വിഹിതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## ഇന്ദിര ആവാസ് യോജന

1392. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ വിവിധ ബ്ലോക്കുകളിലായി എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യക്കാമോ;

(ബി) പ്രസ്തുത വീടുകളുടെ സർക്കാർ വിഹിതം എത്ര ; ഇതിൽ ഇതുവരെ നൽകിയ തുക എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പണം യഥാസമയം നൽകാത്തതിനാൽ വീട് പൂർത്തിയാക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വീട് പൂർത്തീകരിക്കുന്നതിനുള്ള തുക എത്രയുംവേഗം നൽകുമോയെന്ന് വിശദമാക്കുമോ?

## ഇന്ദിര ആവാസ് യോജന കേന്ദ്ര ഫണ്ട്

1393. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഐ.എ.വൈ ഭവന പദ്ധതിക്കായി ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഇതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്ന് പറയാമോ?

<u>ഇന്ദിര ആവാസ് യോജന</u>

1394. **ശ്രീ.വി.റ്റി.ബൽറാം**
**,,** സി.പി.മുഹമ്മദ്
**,,** വി.പി.സജീന്ദ്രൻ
**,,** എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇന്ദിര ആവാസ് യോജന അനുസരിച്ച് വീട് നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്</u>

1395. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്(ആർ.ഐ.ഡി.എഫ്) ഉപയോഗിച്ച് ഈ സർക്കാർ വന്നതിന് ശേഷം എത്ര തുകയ്ക്കുള്ള പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര തുകയുടെ പദ്ധതികൾ പൂർത്തീകരിച്ചു; എത്ര തുകയുടെ പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ഇപ്പോൾ നടപ്പാക്കി കൊണ്ടിരിക്കുന്നതും അനുമതി ലഭിച്ചതുമായ പദ്ധതികൾക്കായി ഈ സർക്കാരിന് എത്ര തുകയുടെ വായ്പയാണ് ലഭിക്കേണ്ടിയിരുന്നത്; ഇതിൽ

എത്ര തുകയാണ് ഇതുവരെ സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകുമോ?

ഇന്ദിരാ ആവാസ് യോജന

1396. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ഗാന്ധി ആവാസ് യോജന പ്രകാരം (ഐ.എ.വൈ) അനുവദിച്ച വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പരമാവധി തറ വിസ്തീർണ്ണത്തിലധികം വിസ്തീർണ്ണമുളള വീടുകളുടെ എഗ്രിമെന്റ് വെച്ചവർക്ക് ചില നിബന്ധനങ്ങൾക്ക് വിധേയമായി ഏതെങ്കിലും വർഷം അനുവദിച്ച തുക മുഴുവനായും ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതേ നിബന്ധനങ്ങൾ പാലിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം എഗ്രിമെന്റ് വെച്ചവർക്ക് കൂടി പ്രസ്തുത ആനുകൂല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഇടുക്കി നിയോജക മണ്ഡലത്തിലെ 'എച്ച്.എ.ഡി.എ' പ്രവർത്തനങ്ങൾ

1397. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 'എച്ച്.എ.ഡി.എ' വഴി ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വിസകന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പ്രധാൻ മന്ത്രി ഗ്രാമീണ റോഡ് വികസന പദ്ധതി

1398. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ അനുമതി ലഭിച്ചിട്ടും നടപടി പൂർത്തീകരിക്കാത്തതും നിർമ്മാണം ആരംഭിക്കാത്തതുമായ പി.എം .ജി .എസ്.വൈ ( P.M.G.S.Y) റോഡുകളുടെ വിവരങ്ങൾ അറിയിക്കുമോ;

(ബി) ആതിരപ്പിള്ളി, കോടശ്ശേരി പഞ്ചായത്തുകളിലായി കിടക്കുന്ന അന്ത്രർമുഴി-ചായ്പൻകുഴി റോഡിന്റെ നിർമ്മാണത്തിനായി അനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ കടമുറികൾ

1399. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള കെട്ടിട സമുച്ചയത്തിൽ കടമുറികൾ വാടകയ്ക്ക നൽകുന്നതിന് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അനുമതി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മഹിളാസൗഖ്യ

1400. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാസൗഖ്യ എന്ന സംഘനയ്ക്ക് ആദിവാസി മേഖലയിൽ പ്രവർത്തനം നടത്തുന്നതിന് കഴിഞ്ഞ അഞ്ചു വർഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വഴി ലഭിച്ച തുകയെത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവർ ആദിവാസി മേഖലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ; ഇതിനായി വേണ്ടി വന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ?

## കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

1401. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗ്രാമവികസന വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം

ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ:

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>കാഞ്ഞങ്ങാട് പി.എം.ജി.എസ്.വൈ</u>

1402. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണാനുമതി നൽകിയതെന്ന് പറയാമോ;

(ബി) ഏതൊക്കെ റോഡുകളുടെ പ്രവൃത്തി പൂർത്തിയായി; ഇനിയും പൂർത്തിയാക്കാൻ ബാക്കിയുള്ളവ ഏതൊക്കെ; വിശദാംശങ്ങൾ നൽകാമോ;

(സി) പി.എം.ജി.എസ്.വൈ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും എതൊക്കെ റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് റോഡ്, പഞ്ചായത്ത് എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

<u>തെഴില്ലുറപ്പ് വേതന നിരക്ക്</u>

1403. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴില്ലുറപ്പ് തൊഴിലാളികൾക്ക് ഇപ്പോൾ നൽന്ന വേതനം എത്രയെന്നും അത് പര്യാപ്തമാണോയെന്നും പറയാമോ;

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന യഥാർത്ഥ വില സൂചികയുടേയും ജീവിത നിലവാരത്തിന്റേയും അടിസ്ഥാനത്തിൽ കൂലി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് കേന്ദ്ര സർക്കാരിന് മേൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>തൊഴില്ലുറപ്പ് പദ്ധതി</u>

1404. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷ കരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ ഇതു സംബന്ധിച്ച് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി</u>

1405. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം 100 ദിവസം ജോലി ചെയ്യുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണ് എന്ന 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര തൊഴിലാളികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നത് എന്നറിയിക്കാമോ?

<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി</u>

1406. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിലെടുത്ത തൊഴിലാളികൾക്കായി ഗുണഭോക്തൃ വിഹിതങ്ങൾ കൂട്ടിച്ചേർത്ത് പെൻഷൻ പദ്ധതി രൂപീകരിക്കുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പെൻഷൻ പദ്ധതി അംഗീകരിക്കുന്നതിനോ പെൻഷൻ തുക അനുവദിക്കുന്നതിനോ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം അനുസരിച്ച് ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടി ആരംഭിക്കുമോ ?

## തൊഴിലുറപ്പ് പദ്ധതി

1407. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ 100 ദിനങ്ങൾക്ക് പുറമെ 100 അധിക ദിവസങ്ങൾ കൂടി ഏറ്റെടുക്കാമെന്ന് പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി എത്ര തുകയാണ് ഭരണാനുമതി നല്കിയിരുന്നത് എന്നും അതനുസരിച്ച് എത്ര കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ ലഭ്യമാക്കി എന്നും പറയാമോ;

(സി) നടപ്പ് സാമ്പത്തികവർഷത്തിൽ ഇപ്രകാരം അട്ടപ്പാടിയിൽ എത്ര കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

## തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ

1408. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2015-16 വർഷത്തിൽ നാളിതുവരെ സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; എത്ര കുടുംബങ്ങൾക്ക് അതിന്റെ ഗുണം ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയുടെ വനിതാ പ്രാതിനിധ്യം സംബന്ധിച്ച കണക്ക് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) കൃഷിയുടെയും അനുബന്ധ മേഖലകളുടേയും ശാക്തീകരണത്തിനായി തൊഴിലുറപ്പ് സംവിധാനം ഏതെല്ലാം തരത്തിൽ ഉപയോഗപ്പെടുത്തി വരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) തൊഴിലുറപ്പ് ജോലി ചെയ്തിട്ട് കൂലി ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിലെ നിർമ്മാണ പ്രവൃത്തികൾ</u>

1409. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ (PMGSY) പദ്ധതി പ്രകാരം കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാതെ കിടക്കുന്നതും നിർമ്മാണം ആരംഭിച്ചിട്ട് പൂർത്തീകരിക്കാതെ കിടക്കുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ (കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകൾ) നൽകുമോ;

(സി) പ്രസ്തുത ബ്ലോക്കുകളിൽ ഉൾപ്പെടുന്നതും പ്രസ്തുത പദ്ധതിൽപ്പെട്ടതും ഏറ്റവും ഒടുവിലായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്താമോ?

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1410. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, ആർ . സെൽവരാജ്
,, വി.പി.സജീന്ദ്രൻ
,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1411. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭ്യമായ കേന്ദ്ര ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ പദ്ധതിക്കായി ഇതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1412. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2013-14-, 2014-15 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങളാണ് നൽകിയത് ;

(ബി) ഈ വർഷങ്ങളിൽ എത്ര തുക കൂലിയായി നൽകി ;

(സി) ഇതിൽ സംസ്ഥാന വിഹിതം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ?

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

1413. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എന്തൊക്കെ പ്രഖ്യാപനങ്ങളാണ് ഇതുവരെ ബജറ്റിലൂടെ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ:

(ബി) അവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്ന് പറയാമോ;

(സി) അതിനായി എത്ര തുക അനുവദിച്ചു എന്നും എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

1414. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വിതരണം ചെയ്യാനുള്ള കൂലിയിൽ കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നറിയിക്കാമോ?

## അട്ടപ്പാടിയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

1415. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും കഴിഞ്ഞ അഞ്ചുവർഷം ഏതെല്ലാം സംഘടനകൾക്ക് എത്ര രൂപ വീതം നൽകിയെന്ന് വിശദമാക്കുമോ:

(ബി) ഓരോ സംഘടനയും നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

## തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

1416. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമവികസന വകുപ്പ് തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നും വിവരം ലഭ്യമാക്കുമോ?

## പി.എം.ജി .എസ്.വൈ - 2

1417. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി .എസ്.വൈ - 2 പ്രകാരം 2013ൽ സംസ്ഥാനത്തിന് അനുവദിച്ച 570 കീ.മീ. റോഡിന്റെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ, കണ്ണൂർ ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പേരു വിവരം അറിയിക്കുമോ;

(ബി) ഡി.പി.ആർ സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്ന് സമർപ്പിക്കാൻ സാധിക്കും?

<u>നബാർഡ് ആർ.ഐ .ഡി .എഫ്. **( RIDF )** പ്രവർത്തികൾ</u>

1418. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ .ഡി .എഫ് . ( RIDF ) ൽ ഉൾപ്പെടുത്തി പുതുതായി പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പരിഗണനയിലുള്ളതെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

<u>കേരള പരിപ്രേക്ഷാ പദ്ധതി</u>

1419. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവൽസര/വാർഷിക പദ്ധതികളെ കേരള പരിപ്രേക്ഷാ പദ്ധതിയുമായി സംയോജിപ്പിക്കാൻ വിശദമായ പ്രോജക്ട് റിപ്പോർട്ടും, ആക്ഷൻ പ്ലാനും തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഏത് ഏജൻസിയേയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏജൻസിയ്ക്കുവേണ്ടി ഇതിനകം എത്ര തുക ചെലവായി ;

(ഡി) ഇതിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ഇതിനകം ചെലവഴിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>സി-ഡിറ്റിലെ വിജിലൻസ് അന്വേഷണം</u>

1420. **ശ്രീ.വി.ശിവൻകുട്ടി**

**,,** ബി.സത്യൻ

**,,** രാജു എബ്രഹാം

**,,** എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ പാഴ്സൽ സേവനത്തിലേയ്ക്കായി കൊറിയർ ഏജൻസികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പാഴ്സൽ സേവനത്തിൽ ഏർപ്പെട്ടിരുന്ന ഓൺ ഡോട്ട്

ആന്റ് കാർഗോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം നടന്നിരുന്നുവോ;

(സി) എന്തെല്ലാം ശിപാർശകളാണ് വിജിലൻസ് അന്വേഷണ സംഘം ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) വിജിലൻസിന്റെ ശിപാർശകളെ സംബന്ധിച്ച് സി-ഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കാമോ?

## എം. എൽ. എ ആസ്തി ഫണ്ട്

1421. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് എം. എൽ. എ ആസ്തി ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടുകൾഎന്നിവ ചെലവഴിക്കുന്നതിനു വിവിധ ഏജൻസികളെ ഏർപ്പെടുത്തിയത് ആസൂത്രണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിവിധ ഏജൻസികൾ നൽകുന്ന കമ്പ്യൂട്ടറുകൾ, മിനിമാസ്റ്റ്- ഹൈമാസ്റ്റ് ലൈറ്റുകൾ, ഫർണിച്ചറുകൾ, വിവിധ ഉപകരണങ്ങൾ എന്നിവയുടെ ഗുണമേന്മയും, വിലനിലവാരവും ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ;

(സി) തദ്ദേശ സ്ഥാപനങ്ങളുടേതടക്കമുള്ള ഫണ്ടുകൾ ഉപയോഗിച്ച് സർക്കാർ അംഗീകൃത ഏജൻസികൾ വിതരണം ചെയ്യുന്ന ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പ വരുത്തുന്നതിനും, അനാവശ്യ ചെലവ് കുറയ്ക്കുന്നതിനും കൃത്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പി.പി.പി. നയം

T 1422. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.പി.പി. നയത്തിന് അന്തിമ രൂപം ആയിട്ടുണ്ടോ;

(ബി) പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്ത ഡ്രാഫ്റ്റ് പി.പി.പി. നയരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്ലാനിംഗ് ബോർഡ് സർക്കാരിന് ശുപാർശ നൽകിയിരുന്നത് എപ്പോഴാണ്;

(ഡി) പി.പി.പി. നയം രൂപീകരിക്കുമെന്ന് ഏത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലാണ്

പ്രഖ്യാപിച്ചിരുന്നത് എന്നു വ്യക്തമാക്കുമോ?

നീതി ആയോഗ്

T 1423. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് -ൽ കേരളത്തിന് വേണ്ടി ഉന്നയിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സ്റേററ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ബിൽ

T 1424. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ബിൽ പ്ലാനിംഗ് ബോർഡിന്റെ പ്രോജക്ട് ഫിനാൻസ് സെൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിലായിരുന്നു;

(ബി) പ്രസ്തുത ബിൽ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ?

(സി) ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ബോർഡ് വഴി സംസ്ഥാനത്ത് ഇംപ്ലിമെന്റ് ചെയ്ത പി.പി.പി. മോഡലിലുള്ള പദ്ധതികൾ ഏതൊക്കെയാണ്;ഇതു വഴി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് വരുകയുണ്ടായി; വിശദമാക്കുമോ?

മലയോര വികസനം

1425. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, കെ.എസ്.ശബരീനാഥൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മലയോര വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പദ്ധതി അടങ്കൽ തുക

1426. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ അടങ്കൽ തുക എത്രയാണ്;

(ബി) പദ്ധതിയിനത്തിൽ എന്തു തുകവീതം ഓരോവകുപ്പിനും വകയിരുത്തിയിരുന്നു; നാളിതുവരെ ഓരോ വകുപ്പും എന്തു തുക വീതം ചെലവഴിച്ചു; ചെലവഴിച്ച തുക അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം വരുമെന്നും വിശദമാക്കാമോ?

## മേജർ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾ

1427. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഊന്നൽ നൽകിയിട്ടുള്ള മേജർ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾക്ക് 2014-15, 2015-16 ബഡ്ജറ്റുകളിലെ ഇനിഷ്യൽ ഔട്ട് ലേ മൊത്തം എത്ര രൂപ വീതമായിരുന്നു;

(ബി) 2014-15, 2015-16 വർഷങ്ങളിൽ മേജർ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾക്ക് വേണ്ടി ബഡ്ജറ്റ് തുകയിൽ നിന്നും എത്ര തുക വീതം പിൻവലിച്ചിട്ടുണ്ട് ;

(സി) ഓരോ വർഷത്തെയും ചെലവിന്റെ ശതമാനം എത്ര വീതമാണ്; ആയത് പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേയ്സ്, എക്സ്പെന്റിച്ചർ പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1428. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നൂറ് ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ;

(ബി) ഇത്തരത്തിലുള്ള കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ബഡ്ജറ്റിലൂടെപ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; അവ വിതരണം ചെയ്തിട്ടുണ്ടോ?

<u>സംസ്ഥാനം നടപ്പാക്കുന്ന വൻ പദ്ധതികൾ</u>

T 1429. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചതും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും ഉൾപ്പെടെ സംസ്ഥാനം നടപ്പാക്കുന്ന വൻ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും പൂർത്തീകരിക്കുന്നതിനായി ആകെ എന്ത് തുക ചെലവ് കണക്കാക്കിയിട്ടുണ്ട്; എസ്റ്റിമേറ്റ് തുക വർദ്ധിക്കാനിടയുണ്ടോ; വിശദമാക്കാമോ;

(സി) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി 2011-12 മുതൽ 2015-16 വരെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര കോടി വീതമായിരുന്നു; ട്രഷറിയിൽ നിന്നും ഈ ഇനത്തിൽ ഓരോ വർഷവും ഓരോ പദ്ധതിക്കും പിൻവലിക്കപ്പെട്ട തുക എത്ര വീതം;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ മേല്പറഞ്ഞ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണം നൂറ് ശതമാനവും പൂർത്തിയാക്കിക്കൊണ്ട് കമ്മീഷൻ ചെയ്യാൻ കഴിയും; അതിനെല്ലാം കൂടി ആകെ എന്ത് തുക ഈ കാലയളവിൽ ചെലവഴിക്കേണ്ടതായി വരും;വിശദാംശം വെളിപ്പെടുത്താമോ?

<u>പേഴ്സണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം</u>

1430. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ പേഴ്സണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പാക്കുന്നതിന് പദ്ധതിയുണ്ടായിരുന്നുവോ;

(ബി) ഈ പദ്ധതിക്ക് അന്തിമ അനുമതി ആസൂത്രണ ബോർഡ് എന്നാണ് നൽകിയത്;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ?

<u>പള്ളപ്പാടി - മിൻച്ചിപ്പദവ് റോഡ് പുനർ നിർമ്മാണം</u>

1431. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ പള്ളപ്പാടി മിൻച്ചിപ്പദവ് റോഡ് പുനർ നിർമ്മിക്കുന്നതിന് ഏതെങ്കിലും ജനപ്രതിനിധി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കിലോമീറ്റർ ദൈർഘ്യമാണ് ഈ റോഡിനുള്ളത്; ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ്; എസ്റ്റിമേറ്റ് തയ്യാറാക്കിയതാരാണ് വ്യക്തമാക്കാമോ;

(സി) ഈ റോഡ് പ്രവൃത്തി നബാർഡ് റൂറൽ ഇൻഫ്റാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് XIX ലെ മുൻഗണനാക്രമ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ നബാർഡിന്റെ അംഗീകാരം ലഭിക്കുന്നതിനായി ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ടോ;വിശദ വിവരം വെളിപ്പെടുത്താമോ?

<u>സ്റ്റേറ്റ് സ്കീമുകളുടെ പ്രോഗ്രസ്സ് റിപ്പോർട്ട്</u>

1432. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-വർഷത്തെ സ്റ്റേറ്റ് സ്കീമുകളുടെ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിലുള്ള 2016 ജനുവരി 31ലെ പ്ലാൻ എക്സ്പെന്റിച്ചർ പ്രോഗ്രസ്സ് റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) ഡിപ്പാർട്ട്മെന്റിന്റെ പേര്, മൊത്തം ബഡ്ജറ്റ് ഔട്ട് ലേ, ഫിനാൻഷ്യൽ പ്രോഗ്രസ്സ്, പെർസന്റേജ് ഓഫ് എക്സ്പെന്റിച്ചർ എന്നിവ അടങ്ങുന്ന പ്രോഗ്രസ്സ് റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി</u>

1433. **ശ്രീ.എം.എ.** വാഹീദ്
**,,** വി.റ്റി.ബൽറാം
**,,** ഹൈബി ഈഡൻ
**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പന്ത്രണ്ടാം പദ്ധതിയുടെ വളർച്ചാനിരക്ക്

1434. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിയുടെ ഓരോ വർഷവും എത്ര ശതമാനം വളർച്ചാനിരക്ക് കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഈ ഓരോ വർഷവും എത്ര ശതമാനം വളർച്ചാനിരക്ക് കൈവരിയ്ക്കാൻ സാധിച്ചുവെന്നറിയിക്കാമോ?

## ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഹാഡ പദ്ധതി

1435. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2014-15,2015-16 എന്നീ വർഷങ്ങളിൽ ഹാഡ പദ്ധതിയിൽപ്പെടുത്തി അനുവദിച്ച മരാമത്ത് പ്രവൃത്തികളുടെ പേരുകൾ, തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം

T 1436. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 2016 ജനുവരി 31 വരെ വിവിധ വകുപ്പുകളുടെ പ്ലാൻ ഫണ്ട് വിഹിതത്തിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ടിയിരുന്ന തുകയും, ലഭിച്ച തുകയും, ചെലവഴിച്ച തുകയും, വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) പുതിയ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പ സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ കഴിഞ്ഞത്; വിശദാംശം നൽകുമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം

1437. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11.04.2013ലെ സ.ഉ (സാധാ) 990/2013 നമ്പർ ഉത്തരവ് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിന് കൂടുതൽ ഫ്ളെക്സിബിലിറ്റി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട് രൂപീകരിച്ച കമ്മിറ്റി ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം

1438. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം എത്ര രൂപ കേന്ദ്രം അനുവദിച്ചു എന്നറിയിക്കുമോ;

(ബി) ആയതിൽ 2016 ജനുവരി 31 വരെ എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കുമോ;

(സി) ഇത്തരത്തിൽ 2014-15 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച തുക എത്രയെന്നും ഇതിൽ എന്തു തുക ചെലവഴിക്കാൻ കഴിയാതെ ലാപ്സായി എന്നും വ്യക്തമാക്കുമോ;

(ഡി) മികച്ച ആസൂത്രണമില്ലായ്മയാണ് ഇത്തരത്തിൽ കേന്ദ്രം നൽകുന്ന തുക ലാപ്സാകുന്നതിന് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതി , ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2015-16 സാമ്പത്തികവർഷം എത്ര തുക അനുവദിച്ചു; ആയതിൽ 2016 ജനുവരി 31 വരെ എന്ത് തുക ചെലവഴിച്ചു;വിശദമാക്കുമോ; കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകുന്ന തുക ഈ സർക്കാർ ഏതൊക്കെ കാര്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

## 2015-16- ലെ പദ്ധതി അടങ്കൽ തുക

1439. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാന ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്ര; ഇതിന് കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയോ; വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിലെ അടങ്കൽ തുകയിൽ നിന്നും നാളിതുവരെ വിവിധ വകുപ്പുകൾ ആകെ എത്ര ശതമാനം തുക ചെലവഴിച്ചു ; ആയത് എത്ര കോടി രൂപ; വിശദമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തെ അടങ്കലിൽ മാലിന്യ സംസ്കരണം, ഭൂരഹിതരില്ലാത്ത കേരളം തുടങ്ങിയ പദ്ധതികൾക്ക് എത്ര തുക വീതം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ആയതുപ്രകാരം 2016 ജനുവരി 31 വരെ ഇതിൽ നിന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) നടപ്പു വർഷം അവസാനിക്കാൻ രണ്ട് മാസം മാത്രം അവശേഷിക്കേ പദ്ധതി അടങ്കലിന്റെ പത്ത് ശതമാനം പോലും ചെലവഴിക്കാത്ത വകുപ്പുകൾ ഏതെല്ലാം; ഇത്തരത്തിൽ ചെലവഴിക്കാത്തതിന്റെ കാരണം എന്തെന്നും അതിന് ഉത്തരവാദികൾ ആരെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) 2015-16 സാമ്പത്തിക വർഷം ബജറ്റ് വിനിയോഗത്തിൽ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക എത്ര; ഓരോ വകുപ്പും 31.01.2016 വരെ എന്ത് തുക ചെലവഴിച്ചു.; വ്യക്തമാക്കുമോ?

## 2016-17 ലെ വാർഷിക പദ്ധതി

1440. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതിയ്ക്ക് രൂപം നല്കുമ്പോൾ, സംസ്ഥാനത്തിന്റെ വരുമാന സ്രോതസുകളിൽ വർദ്ധന പ്രതീക്ഷിച്ച പ്രധാന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പിന്നിട്ട വർഷങ്ങളിലെ നികുതി പിരിവിന്റെയും റബ്ബറുൾപ്പെടെ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവിന്റെയും മറ്റും പശ്ചാത്തലത്തിൽ, വരുമാനത്തിലെ അമിത പ്രതീക്ഷ, പദ്ധതി നിർവ്വഹണത്തെ പ്രതിസന്ധിയിലാക്കുമോ;

(സി) 2015-16-നെ അപേക്ഷിച്ച് ഏതെല്ലാം മേഖലയിൽ പദ്ധതിയ്ക്ക് കൂടുതൽ പരിഗണന നല്കിയിട്ടുണ്ട്; ഏതെല്ലാം മേഖലയിൽ നിന്ന് കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ?

## ഡയറി യൂണിറ്റുകൾ

1441. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പുതുതായി എത്ര ഡയറി യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു എന്നറിയിക്കാമോ;

(ബി) പ്രസ്തുത ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകിയിരുന്നുവോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വീതം ഓരോ വർഷവും വകകൊള്ളിച്ചു ; അതിൽ എത്ര തുകവരെ ചെലവഴിക്കപ്പെട്ടു ;വിശദാംശം ലഭ്യമാക്കുമോ; ?

## വലിയതുറ സീവേജ് ഫാം

1442. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള വലിയതുറ സീവേജ് ഫാമിന്റെ കൈവശമുണ്ടായിരുന്ന 131.8 ഏക്കർ ഭൂമിയിൽ നിന്നും നിശ്ചിത ഭൂമി ഏതാനും ഏജൻസികൾക്ക് വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ച, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3.2.2012 ൽ ചേർന്ന യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 3.2.2012 ലെ തീരുമാന പ്രകാരം ഓരോ ഏജൻസിക്കും നൽകിയ ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കൈമാറിയ ഭൂമിക്ക് പ്രസ്തുത ഏജൻസികൾ വിലയോ നഷ്ടപരിഹാരമോ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) എങ്കിൽ ഏതെല്ലാം ഏജൻസികൾ എത്ര തുകവീതം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഇ) വില നിർണ്ണയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(എഫ്) യോഗ തീരുമാനത്തിന് വിരുദ്ധമായി ഭൂമി അനുവദിച്ചിട്ടുണ്ടെങ്കിൽ ആർക്കൊക്കെയാണെന്നും ആയതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ;

## ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത

1443. ശ്രീ.സണ്ണി ജോസഫ്
,, എം.പി.വിൻസെൻറ്
,, പി.എ.മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## രാജാരവിവർമ്മ സ്മാരകം

1444. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാരകത്തിന്റെ ഭാഗമായി എന്തെല്ലാം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണം എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(സി) സ്മാരക നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഫണ്ട് ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

മഹാകവി പി. കുഞ്ഞിരാമൻ നായരുടെ സ്മാരകം

1445. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി പി. കുഞ്ഞിരാമൻ നായരുടെ സ്മരണയ്ക്കായി ഈ സർക്കാർ ഓരോ വർഷവും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പി. യുടെ ജന്മനാടായ കാഞ്ഞങ്ങാട്ടെ സ്മാരകത്തിന്റെ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പന്തൽ, ടെന്റ്, ലൈറ്റ് & സൗണ്ട് തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം

1446. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പന്തൽ, ടെന്റ്, ലൈറ്റ് & സൗണ്ട് എന്നീ മേഖലകളിലെ തൊഴിലാളികളെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് ക്ഷേമനിധി അംഗത്വം ലഭ്യമാക്കി ഉത്തരവായിട്ടുണ്ടോ; ഇതിനായി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് ക്ഷേമനിധി അംഗത്വം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശില്പപൈതൃക ഗ്രാമം പദ്ധതി

1447. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് പടനിലം നന്ദികേശ ശില്പപൈതൃക ഗ്രാമം പദ്ധതി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി 2016 ഫെബ്രുവരിയിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വയലാ നാടക ഗവേഷണ കേന്ദ്രം

1448. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം ഇട്ടിവ ഗ്രാമപഞ്ചായത്തിലെ വയലായിൽ ഡോ. വയലാ വാസുദേവൻപിള്ള സ്മാരക ട്രസ്റ്റ്, സർക്കാർ സഹായത്തോടെ നിർമ്മിക്കുന്ന നാടക ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ബാക്കി തുക ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

സിനിമാ തീയേറ്ററുകളിലെ ടിക്കറ്റ് നിരക്കുകൾ

T 1449. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ തീയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്കുകൾ ഈടാക്കി വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിനിമാ തീയേറ്ററുകളുടെ സാങ്കേതിക/അടിസ്ഥാന നിലവാരത്തിൽ അവയെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്ന് ഇനം തിരിച്ച് ടിക്കറ്റ് നിരക്കുകൾ ഏകീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ തീയേറ്ററുകളെ തരംതിരിച്ച് ടിക്കറ്റ് നിരക്ക് ഏകീകരിക്കുന്നതിനും അമിത നിരക്കുകൾ ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനും നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

കൊടക്കാട് ഫോക് ലോർ വില്ലേജ്

1450. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെയ്യം കലാകാരൻ നർത്തകരത്നം കണ്ണപെരുവണ്ണാന്റെ സ്മരണ മുൻനിർത്തി തെയ്യം കലയുടെ പരിപോഷണത്തിന് കഴിഞ്ഞ സർക്കാർ കാലത്ത് വിഭാവനം ചെയ്ത കൊടക്കാട് ഫോക്ലോർ വില്ലേജ് സംബന്ധിച്ച തുടർനടപടികൾ ഈ

സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>സാംസ്കാരിക മേഖലയുടെ വളർച്ച</u>

1451. ശ്രീ.പി.സി വിഷ്ണുനാഥ്

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സാംസ്കാരിക മേഖലയിലെ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ ധനസഹായം</u>

1452. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ സർക്കാർ-അർദ്ധ സർക്കാർ സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ ധനസഹായം എത്ര കോടിയാണ്; വിശദമാക്കാമോ;

(ബി) ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ച ധനസഹായ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

(സി) അതത് സാമ്പത്തിക വർഷങ്ങളിൽ പൂർത്തീകരിക്കപ്പെടാതെപോയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പൂർത്തീകരിക്കാത്ത പദ്ധതിയുടെ ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുക എത്ര കോടി രൂപയെന്ന് അറിയിക്കുമോ?

<u>മലയാളത്തിന് ശ്രേഷ്ഠ ഭാഷ പദവി</u>

1453. ശ്രീ.ഹൈബി ഈഡൻ

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുത്തതിന്റെ അനുബന്ധമായി കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>അവശകലാകാരൻമാർക്ക് സഹായം</u>

1454. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാ -സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവരും പ്രായാധിക്യവും രോഗങ്ങളും മൂലം അവശതയനുഭവിക്കുന്നവരുമായ നിർദ്ധനരെ സഹായിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ; ഈ ഇനത്തിൽ എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം രോഗികളായവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; ചേർത്തല താലൂക്കിൽ ഈ ഇനത്തിൽ സാമ്പത്തിക സഹായം ലഭിച്ച കലാകാരന്മാരും സാംസ്കാരിക പ്രവർത്തകരും ആരെല്ലാമാണെന്നും അവർക്ക് ലഭിച്ച തുക എത്ര വീതമാണെന്നും വിശദമാക്കാമോ;

(സി) കലാരംഗത്ത് ദീർഘകാലം പ്രവർത്തിക്കുകയും ഗുരുതരമായ രോഗം ബാധിക്കുകയും ചെയ്തവർ ചികിത്സയ്ക്കും ജീവിതവൃത്തിയ്ക്കും വകയില്ലാതെ വിഷമിക്കുന്ന സാഹചര്യത്തിൽ ഇവരെ സഹായിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>സി-ഡിററ്</u>

1455. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ ടെക്നോളജി എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റിൽ ധനകാര്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിൽ എന്തൊക്കെയാണ്

കണ്ടെത്തിയിട്ടുള്ളതെന്നും ആരൊക്കെയാണ് കുറ്റക്കാർ എന്നും വിശദമാക്കുമോ;

(സി) കുറ്റാരോപിതർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## സി.ഡിറ്റ്- ലെ കൊറിയർ ഇടപാട്

1456. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഡിറ്റ്- ലെ കൊറിയർ ഇടപാടിനെക്കുറിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടും ശിപാർശകളും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സി.ഡിറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കാനാണ് ശിപാർശ ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ;

(ഡി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

## വികസന ക്ഷേമ പ്രവർത്തനങ്ങൾ

1457. ശ്രീ.വി.ഡി.സതീശൻ

,, ജോസഫ് വാഴയ്ക്കൻ

,, പി.സി വിഷ്ണുനാഥ്

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## വികസന സമന്വയം-വാർത്താ പത്രിക

1458. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ലക്കങ്ങളിലായി വികസന സമന്വയം എന്ന പേരിൽ വാർത്താ പത്രിക പ്രസിദ്ധീകരിക്കുകയും വിവിധ ദിന പത്രങ്ങളോടൊപ്പം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്;

(ബി) എത്ര ലക്ഷം കോപ്പികളാണ് ഓരോ ലക്കങ്ങളിലും പ്രിന്റു ചെയ്തത്;

(സി) ഇവ തയ്യാറാക്കുന്നതിനും, പ്രിന്റ് ചെയ്യുന്നതിനും പത്രങ്ങൾ വഴി സർക്കുലേറ്റ് ചെയ്യുന്നതിനും ഉൾപ്പെടെ ഇതിനകം ചെലവായ തുക സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ; ഈ ഇനത്തിൽ പത്ര സ്ഥാപനങ്ങൾക്കും മറ്റും കൊടുത്ത് തീർക്കാൻ ബാക്കി നിൽപുള്ള തുക എത്ര എന്ന് അറിയിക്കുമോ ?

<u>സർക്കാർ പരസ്യങ്ങളിൽ മന്ത്രിമാരുടെ ഫോട്ടോ</u>

1459. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികളുടെയും കെട്ടിടങ്ങളുടെയും ഉദ്ഘാടനങ്ങളോടനുബന്ധിച്ച് പി.ആർ.ഡി പരസ്യം നൽകാറുണ്ടോ; പ്രസ്തുത പരസ്യങ്ങളിൽ മന്ത്രിമാരുടെ ഫോട്ടോ പ്രദർശിപ്പിക്കുന്നത് സുപ്രീംകോടതി വിലക്കിയിട്ടുണ്ടോ;

(ബി) സുപ്രീം കോടതി വിധിക്ക് ശേഷം ഉദ്ഘാടനങ്ങളോടനുബന്ധിച്ച് പരസ്യം നൽകുമ്പോൾ കെട്ടിടം നിർമ്മിച്ച കോൺട്രാക്ടർമാർ പരസ്യം നൽകി വരുന്നതും അവയിൽ മന്ത്രിമാരുടെ ഫോട്ടോ പ്രദർശിപ്പിക്കുന്നതും സർക്കാർ അറിവോടെയാണോ;

(സി) സെക്രട്ടേറിയറ്റ് അനക്സിന്റെ കെട്ടിട ഉദ്ഘാടന ദിവസം ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ച പരസ്യം പി.ആർ.ഡി.യുടേയോ, സർക്കാരിന്റെയോ അറിവോടുകൂടിയാണോ;

(ഡി) കോൺട്രാക്ടർമാർ നൽകുന്ന പരസ്യങ്ങളിൽ മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും ഫോട്ടോ ഉപയോഗിക്കുന്നത് സർക്കാരിന്റെ അനുമതിയോടുകൂടിയാണോ?

<u>പരസ്യങ്ങൾക്കും, പ്രസിദ്ധീകരണങ്ങൾക്കു ചെലവായ തുക</u>

1460. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പരസ്യങ്ങൾക്കും, പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി സർക്കാർ ചെലവഴിച്ച തുക എത്രയാണ്;

(ബി) പരസ്യം ഇനത്തിലും, പ്രിൻറിംഗ് ഇനത്തിലും മറ്റുമായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് നല്കുവാനുള്ള കുടിശ്ശിക എത്ര;

(സി) ഈ സർക്കാരിന്റെ കാലത്ത്, നാളിതുവരെ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് പരസ്യം ഇനത്തിൽ നൽകിയ തുക സ്ഥാപനങ്ങളുടെ പേര് സഹിതം വെളിപ്പെടുത്താമോ?

<u>ഗ്രേഡ് - II അഗ്രികൾച്ചർ അസിസ്റ്റന്റ് നിയമനം</u>

1461. **ശ്രീ.കെ.എസ്.ശബരീനാഥൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ ഗ്രേഡ് - II അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നറിയാമോ;

(ബി) ഗ്രേഡ് - II അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) കൃഷി വകുപ്പിൽ എ.എഫ്.ഒ.യായും അഗ്രികൾച്ചർ ഓഫീസർ ആയും സ്ഥാനക്കയറ്റം നൽകിയപ്പോഴുണ്ടായ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട്;

(ഡി) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. വഴി എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. ബി.എസ്.സി.അഗ്രികൾച്ചർ യോഗ്യതയുള്ളവരെയും പ്ലസ് ടു (വി.എച്ച്.എസ്.സി) അഗ്രികൾച്ചർ യോഗ്യതയുള്ളവരെയും ഈ തസ്തികയ്ക്ക് പരിഗണിക്കുമോ; ഈ ഒഴിവുകൾ ഒരുമിച്ചാണോ റിപ്പോർട്ട് ചെയ്യുന്നത്; ഒരുമിച്ചാണോ നിയമന ശിപാർശ ലഭിക്കുന്നത്;

(ഇ) അഗ്രികൾച്ചർ ബിരുദം യോഗ്യതയുള്ളവർക്കും പ്ലസ് ടു വി.എച്ച്.എസ്.സി. യോഗ്യതയുള്ളവർക്കുമുള്ള ഒഴിവുകൾ വിഭജിച്ച്പ്രത്യേകം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തിക പ്ലസ് ടു വി.എച്ച്.എസ്.സി. അഗ്രികൾച്ചർക്കായി മാത്രം നിജപ്പെടുത്തുമോ?

<u>നിതാഖത് മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം</u>

1462. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്നും നിതാഖത് മൂലം എത്ര പേർ തിരികെയെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നിതാഖത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെത്തിയവരെ പുനരധിവസിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(സി) നിതാഖത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരെ പുനരധിവസിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സർക്കാർ സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുവാനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>പ്രവാസി ക്ഷേമ പദ്ധതി</u>

1463. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രവാസികൾക്ക് വേണ്ടി ആരംഭിച്ചിട്ടുള്ള വായ്പാ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പ്രവാസി ക്ഷേമ പദ്ധതി</u>

1464. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങി വരാൻ നിർബന്ധിതരാവുന്ന മലയാളികൾക്ക് വേണ്ടി കെ.എസ്. എഫ്. ഇ യുമായി സഹകരിച്ച് നടപ്പാക്കുമെന്ന് 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രവാസി ക്ഷേമ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ നിക്ഷേപ നിധിയിൽ എത്ര പ്രവാസികൾ നിക്ഷേപം നടത്തി;

(സി) മടങ്ങി വന്ന എത്ര പ്രവാസികൾക്ക് ഈ നിക്ഷേപ നിധിയിൽ നിന്നും വായ്പ ലഭ്യമാക്കി എന്നറിയിക്കാമോ?

## കേന്ദ്ര പ്രവാസി മന്ത്രാലയം

1465. ശ്രീ.വർക്കല കഹാർ

,, കെ.എസ്.ശബരീനാഥൻ

,, എം.പി.വിൻസെൻറ്

,, കെ.അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ പ്രവാസി മന്ത്രാലയം വേണ്ടെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം സംസ്ഥാനത്തെ പ്രവാസികളെ ഏതെല്ലാം തരത്തിലാണ് ദോഷകരമായി ബാധിക്കുന്നത്;

(സി) ഇതു സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇക്കാര്യത്തിൽ സംസ്ഥാനം കൈക്കൊള്ളാൻ അഗ്രഹിക്കുന്നത്?

## പ്രവാസി ക്ഷേമവും ക്ഷേമനിധിയും

1466. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് പദ്ധതികളുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഓരോ പദ്ധതികൾക്കുമുള്ള അപേക്ഷകളുടെ മാതൃക ലഭ്യമാക്കാമോ;

(ബി) പ്രവാസികൾക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## പ്രവാസി ക്ഷേമനിധി ബോർഡ്

1467. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ;

(ബി) ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളുണ്ട് ; ഇത് ആകെ പ്രവാസി മലയാളികളുടെ എത്ര ശതമാനമാണ്; വ്യക്തമാക്കുമോ?

(സി) പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അഞ്ച് വർഷം പണമടച്ചവർക്ക് സാങ്കേതിക കാരണം പറഞ്ഞ് പെൻഷൻ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അർഹരായ മുഴുവൻ പേർക്കും പെൻഷൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

## പ്രവാസി പുനരധിവാസ പാക്കേജ്

1468. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വിവിധ ബഡ്ജറ്റുകളിലായും അല്ലാതെയും പ്രഖ്യാപിച്ച പ്രവാസി പുനരധിവാസ പാക്കേജുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പാക്കേജുകൾ നടപ്പാക്കുന്നതിനായി ആകെ എന്ത് തുക അനുവദിക്കപ്പെട്ടു;

(സി) അതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടു;

(ഡി) പ്രസ്തുത പാക്കേജ് നടത്തിപ്പിന്റെ വിശദാംശങ്ങൾ നൽകാമോ?

## പ്രവാസി മലയാളികൾ

1469. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവാസി മലയാളികൾക്കായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസി മലയാളികളിൽ ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഇരുപത് ലക്ഷം രൂപാ വരെ സർക്കാർ അനുവദിക്കുന്നത് ചില ബാങ്കുകൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കാര്യങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രവാസി മലയാളികളുടെ സമഗ്ര ക്ഷേമത്തിന് ഇനി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

<u>പ്രവാസി മലയാളിക്ഷേമ പദ്ധതി</u>

1470. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പാക്കിയതും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

<u>നോർക്ക സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റുകൾ</u>

1471. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ തൊഴിലിനായി നോർക്ക ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്;

(ബി) നോർക്ക സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളും പ്രമാണങ്ങളും സംസ്ഥാന ആഭ്യന്തര വകുപ്പും സാക്ഷ്യപ്പെടുത്തേണ്ടതുണ്ടോ;

(സി) നോർക്കയുടെ എല്ലാ ജില്ലാ ഓഫീസുകളിലും സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

<u>നോർക്ക വകുപ്പിന്റെ ആനുകൂല്യങ്ങൾ</u>

1472. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പ് മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അവയുടെ അർഹതാ മാനദണ്ഡവും വിശദമാക്കാമോ;

(ബി) നോർക്ക അറ്റസ്റ്റേഷൻ നടത്തിക്കിട്ടുന്നതിന് കാലതാമസം വരുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>സാന്ത്വനം പദ്ധതി</u>

1473. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ കീഴിൽ നടപ്പിലാക്കിയ സാന്ത്വനം പദ്ധതി മുഖേന നാളിതുവരെയായി എത്രപേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>മലയാളികളെ സുരക്ഷിതമായി എത്തിക്കാൻ കർമ്മ പദ്ധതികൾ</u>

1474. **ശ്രീ.വി.ഡി.സതീശൻ**

**,,** എം.എ. വാഹീദ്

**,,** വർക്കല കഹാർ

**,,** ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് വിദേശ രാജ്യങ്ങളിലെ സംഘർഷ മേഖലയിൽ നിന്നും മലയാളികളെ സുരക്ഷിതമായി എത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പ്രവാസികാര്യ വകുപ്പ്</u>

1475. **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**,,** പി.ഉബൈദുള്ള

**,,** വി.എം.ഉമ്മർ മാസ്റ്റർ

**,,** പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രവാസികാര്യ വകുപ്പ് നിർത്തലാക്കിയ വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി പ്രവാസികളെ ഏറെ ദോഷകരമായി ബാധിക്കുന്നതാണെന്ന വസ്തുത പരിഗണിക്കുകയുണ്ടായോ;

(സി) പ്രവാസികൾ ഏറെയുള്ള കേരളത്തെ പ്രതികൂലമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് മറ്റു സംസ്ഥാനങ്ങളുമായി കൂടിച്ചേർന്ന് പരിഹാര നടപടിക്കായി മുൻകൈയെടുക്കുമോ?

## പ്രവാസികാര്യ വകുപ്പ് നിർത്തലാക്കാനുള്ള തീരുമാനം

1476. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികാര്യ വകുപ്പ് നിർത്തലാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തെ സംബന്ധിച്ചുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ ശക്തമായ പ്രതിഷേധം അറിയിക്കാൻ മുൻകൈയ്യെടുക്കുമോ?

## പ്രവാസികളുടെ പുനരധിവാസം

1477. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് പ്രവാസികൾക്ക് നൽകിവരുന്നത്;

(സി) പ്രവാസികളായ നഴ്സുമാർക്ക് ജോബ് പോർട്ടൽ മുഖേന ജോലി നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## മരണപ്പെടുന്ന പ്രവാസിയുടെ കുടുംബത്തിനുള്ള ധനസഹായം

1478. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുവച്ച് മരണപ്പെട്ടുന്ന പ്രവാസിയുടെ കുടുംബത്തിന് നൽകുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം മരണപ്പെട്ടുന്നവരുടെ ആശ്രിതർക്ക് പെൻഷൻ നൽകാൻ പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

## പെട്രോളിയത്തിന്റെ വിലയിടിവ്

1479. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയത്തിന് അന്താരാഷ്ട്ര മാർക്കറ്റിൽ ഉണ്ടായ വിലയിടിവ് പ്രവാസി ഭാരതീയരെ ദോഷകരമായി ബാധിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനെത്തുടർന്ന് ഗൾഫ് രാജ്യങ്ങളിൽ അന്യരാജ്യക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ടോ എന്നത് വെളിപ്പെടുത്തുമോ?

## പുതിയ നഗരസഭകൾ

1480. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കാമോ; ഈ നഗരസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ?

## ഗ്ലാസ് നിർമ്മിത മദ്യക്കുപ്പികൾ

1481. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഗ്ലാസ് നിർമ്മിത മദ്യക്കുപ്പികൾ റോഡുവക്കുകളിലും പൊതുസ്ഥലങ്ങളിലും നിറഞ്ഞുകിടന്ന് പൊട്ടി കാൽനടക്കാർക്ക് അപകടം വരുത്തുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇവ ശേഖരിച്ച് മാറ്റാനുള്ള ഉത്തരവാദിത്തം, നിലവിലെ നിയമമനുസരിച്ച് അതത് മദ്യക്കമ്പനികൾക്കോ, മദ്യവിതരണ കമ്പനികൾക്കോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ആ നിയമം നടപ്പാക്കുമോ?

## പ്ലാസ്റ്റിക് മാലിന്യ സംസ്കരണം

1482. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് അന്താരാഷ്ട്ര തലത്തിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പരിഹാരം തേടി നടത്തിയ മത്സരത്തിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നാം സമ്മാനാർഹമായ പ്രോജക്ടിൽ അവതരിപ്പിക്കപ്പെട്ട സാങ്കേതിക വിദ്യയുടെ പ്രായോഗികതയും, പ്രവർത്തനച്ചെലവും സംബന്ധിച്ച കാര്യങ്ങൾ പഠന വിധേയമാക്കി, സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയുക്തമാണോ എന്ന് പരിശോധിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ;

(സി) പരിശോധനാഫലം ആശാവഹമെങ്കിൽ പ്രസ്തുത സാങ്കേതിക വിദ്യ പ്രായോഗികമാക്കാൻ നടപടി സ്വീകരിക്കുമോ?

## ചീഫ് ടൌൺ പ്ലാനറുടെ അനുമതി

1483. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ചീഫ് ടൌൺ പ്ലാനറുടെ അനുമതി ആവശ്യപ്പെടുന്നത് എത്ര സ്ക്വയർ മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്കാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിന് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

1484. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നിലവിൽ വന്ന തദ്ദേശ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും അതിനായി എത്ര തുക ഇതുവരെ ചെലവഴിച്ചു എന്നും

വ്യക്തമാക്കാമോ?

ഉറവിട മാലിന്യ സംസ്കരണ പരിപാടി

1485. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഉറവിട മാലിന്യ സംസ്കരണ പരിപാടി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഈ പരിപാടിയ്ക്കായി ഓരോ ബഡ്ജറ്റിലും എന്ത് തുക വീതം അനുവദിച്ചിരുന്നു എന്നറിയിക്കാമോ;

(സി) അനുവദിച്ച തുകയിൽ എത്ര വീതം ചെലവഴിക്കപ്പെട്ടു എന്നുള്ള വിശദാംശം ലഭ്യമാക്കുമോ ?

ട്രേഡ് ലൈസൻസ്

1486. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കടകൾക്ക് ട്രേഡ് ലൈസൻസ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; മാനദണ്ഡങ്ങൾ എന്തെല്ലാമാണന്ന് അറിയിക്കാമോ ?

വഴിയോര കച്ചവടക്കാർക്ക് ലൈസൻസ്

1487. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും വഴിയോര കച്ചവടക്കാരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ബി) വഴിയോര കച്ചവടക്കാർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ടാക്സി-സ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാൻഡുകളും

1488. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി-സ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാൻഡുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരമില്ലാത്തുമായ ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ സംസ്ഥാനത്തുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം പേട്ട ജംഗ്ഷനിൽ പുതുതായി പണി തീർത്ത പാലത്തിലേയ്ക്ക് ചാക്ക ബൈപാസിൽ നിന്നും വരുന്ന റോഡ് തിരിയുന്ന ഭാഗത്ത്, അനധികൃതമായി ഓട്ടോറിക്ഷാ സ്റ്റാൻഡ് സ്ഥാപിച്ചിരിക്കുന്നതും , ടൂ വീലറും ഓട്ടോറിക്ഷയും പാർക്ക് ചെയ്യുന്നതും മൂലം കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ തിരക്ക് കുറഞ്ഞ ഭാഗത്തേയ്ക്ക് വാഹന പാർക്കിംഗ് മാറ്റുന്ന കാര്യം പരിഗണിയ്ക്കുമോ?

## വൻകിട മാലിന്യസംസ്കരണ പദ്ധതികൾ

1489. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധിയിൽ വൻകിട മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) 2012-13 ബഡ്ജറ്റിലെ ഈ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ നടപ്പാക്കുന്നതിനായി എത്ര തുകയാണ് ഓരോ വർഷത്തെ ബഡ്ജറ്റിലും വകയിരുത്തിയിരുന്നത്;

(ഡി) ഇങ്ങനെ വകയിരുത്തപ്പെട്ട തുകയിൽ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ?

## ക്ലീൻ കേരള കമ്പനി

1490. **ശ്രീ.പി.ബി. അബ്ദുൾ റസാക് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രസ്തുത കമ്പനി എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്;

(സി) ഇത്തരം മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കളക്ഷൻ സെന്ററുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ?

## ശുചിത്വ കേരളം പദ്ധതി

T 1491. ശ്രീ.കെ.മുരളീധരൻ

,, വി.പി.സജീന്ദ്രൻ

,, ലൂഡി ലൂയിസ്

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന് ശുചിത്വ കേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ

1492. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിൽ മുറികൾ ആവശ്യപ്പെട്ട് "തീരം ടൂറിസം സഹകരണ സംഘം , ആലപ്പുഴ " അപേക്ഷ നൽകിയിരുന്നോ; എങ്കിൽ അപേക്ഷ നൽകിയ തീയതി എന്നാണ്; അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ ഏതു നഗരസഭാ കൗൺസിലാണ് പരിഗണിച്ചത്; കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മുറി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘത്തിന് വാടക അഡ്വാൻസ് അടക്കുന്നതിന് കത്തു നൽകിയിരുന്നോ; അതനുസരിച്ച് സംഘം തുക നഗരസഭയിൽ അടച്ചത് എന്നാണെന്നും എത്ര തുകയാണെന്നും അറിയിക്കുമോ;

(ഡി) അനുവദിക്കപ്പെട്ട മുറി ഏതാണ്; ഇതിന് വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ഇ) EMS- സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിലെ 9-ാം ഖണ്ഡികയിൽ കരാർ വയ്ക്കുന്നതിന് മുദ്രപത്രം സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; മുറിയുടെ കരാർ വയ്ക്കുന്നതിനായി നഗരസഭ എത്ര തുകയുടെ പത്രമാണ് സംഘത്തിനോട് ആവശ്യപ്പെട്ടത്; ഇത് എന്ന് കൂടിയ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത കൗൺസിൽ തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) വാടക അഡ്വാൻസ് അടച്ചവരിൽ നിന്നും, വൈദ്യുതിയടക്കമുള്ള പശ്ചാത്തല

സൗകര്യങ്ങൾ നൽകാതെയും കരാർ വെയ്ക്കുന്നത് സംബന്ധിച്ച പരാതി പരിഹരിക്കാതെയും വാടക ഈടാക്കാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആ തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) കരാർ വെയ്ക്കുന്നത് സംബന്ധിച്ചുണ്ടായ പരാതി പരിഹരിക്കണമെന്ന് കാണിച്ച് പ്രസ്തുത സംഹകരണ സംഘം നഗരസഭാ കൗൺസിലിന് പരാതി നൽകിയിട്ടുണ്ടോ;എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ; പ്രസ്തുത സ്റ്റേഡിയത്തിലെ മുറി നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ച് ഇത് സംബന്ധിച്ച പരാതികൾ അനുഭാവപൂർവ്വം പരിഗണിച്ചും സുതാര്യമായ നിലയിൽ പ്രശ്നം പരിഹരിക്കുന്നതിനും സർക്കാർ നഗരസഭയോട് ആവശ്യപ്പെട്ടുമോയെന്നറിയിക്കുമോ?

<u>അനധികൃത കശാപ്പുശാല</u>

1493. **ശ്രീ.സി.മോയിൻ കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ ജനങ്ങൾ കഴിഞ്ഞ മൂന്നു വർഷമായി കഴിക്കുന്നത് അനധികൃതമായി കശാപ്പുചെയ്യുന്ന മൃഗങ്ങളുടെ മാംസമാണെന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആധുനിക അറവുശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ ഈ മൂന്നു കൊല്ലത്തിനിടെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; ഈ ആവശ്യത്തിന് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

<u>അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം</u>

1494. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്കരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ

ക്രമവത്കരിക്കാനുദ്ദേശിക്കുന്നത്;

(ഡി) നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് കർമ്മ പദ്ധതി</u>

1495. ശ്രീ.പി.സി വിഷ്ണുനാഥ്

,, ആർ . സെൽവരാജ്

,, അൻവർ സാദത്ത്

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കണ്ണൂർ കോർപ്പറേഷനിൽ ചേർത്ത പഞ്ചായത്തുകൾ</u>

1496. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുനിസിപ്പാലിറ്റി, കോർപ്പറേഷനായി ഉയർത്തിയതിനെ തുടർന്ന് ആകെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായിട്ടുണ്ട്; ഏതെല്ലാം ;

(ബി) കണ്ണൂർ കോർപ്പറേഷനോടുകൂടി ചേർത്ത പഞ്ചായത്തുകളിലെ പഞ്ചായത്ത് ഓഫീസുകൾ കോർപ്പറേഷന്റെ അനക്സുകളായി പ്രവർത്തിക്കുവാനും ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുവാനുമുള്ള സൗകര്യങ്ങൾ തുടർന്നും പ്രദാനം ചെയ്യുന്നതിനും എന്തെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>മുട്ടത്തറ സീവേജ് പ്ലാന്റ്</u>

1497. ശ്രീ.പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടത്തറ സ്വീവേജ് പ്ലാന്റിൽ ശുദ്ധീകരിച്ചെടുക്കുന്ന വെള്ളത്തിനും, വളത്തിനും ആവശ്യക്കാരില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വെള്ളം ഉപയോഗപ്പെടുത്തുന്നതിന് റയിൽവേ, വാഹന സർവ്വീസ് സ്റ്റേഷനുകൾ, നിർമ്മാണ കോൺട്രാക്ടർമാർ എന്നിവരുമായി കരാറുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്തെ കർഷകസംഘങ്ങൾ, കൃഷി വകുപ്പിന്റെ കീഴിലെ ഫാമുകൾ, പാടശേഖര സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് വളം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ആധുനിക സംരംഭം ഒരു മാതൃകയായി മാറ്റിയെടുക്കുന്നതിന് പ്ലാന്റ് നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

1498. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി ഓരോ വർഷവും എന്ത് തുക വീതമാണ് നീക്കിവച്ചിരുന്ന് എന്ന് അറിയിക്കുമോ ;

(ബി) നീക്കിവയ്ക്കപ്പെട്ട തുകയിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ?

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

1499. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ എന്തു തുക അനുവദിച്ച എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര പേർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങൾ കാര്യക്ഷമവുമാക്കുന്നതിന് ബഡ്ജറ്റിൽ കൂടുതൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

## നഗരസഭകളിലെ മാലിന്യ സംസ്കരണം

1500. ശ്രീ.മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള
,, സി.എഫ്.തോമസ്
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനസംസ്കരണത്തിനായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ എന്നിവ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഉറവിട മാലിന്യ സംസ്കരണ നടപടികൾ ഏതെല്ലാം നഗരങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്;

(സി) ഇവയുടെ പ്രവർത്തന പുരോഗതി വിലയിരിത്തിയിട്ടുണ്ടോ;

(ഡി) മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) മാലിന്യ സംസ്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## നഗരസഭകളുടെ മാസ്റ്റർ പ്ലാൻ

1501. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

## നഗരസഭകളിലെ ജീവനക്കാർ

1502. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നഗരസഭകളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ഡവലപ്പ്മെന്റ് അതോറിറ്റി

1503. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡവലപ്പ്മെന്റ് അതോറിറ്റി നിലവിൽ വന്നതും പിരിച്ചുവിട്ടതും ഏത് വർഷങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റിയിൽ നിന്ന് എത്ര പേർ വായ്പ എടുത്തിരുന്നു; വായ്പ എടുത്തവരെല്ലാം തിരിച്ചടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർ ഇനിയും തിരിച്ചടക്കാൻ ബാക്കിയുണ്ട്; വായ്പയ്ക്ക് ഈടായി നൽകിയ എത്ര പേരുടെ പ്രമാണങ്ങളാണ് തിരിച്ചു നൽകാൻ ഇനിയും ബാക്കിയുള്ളത്; ഈ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; ബന്ധപ്പെട്ട ഉടമകൾക്ക് അവ എപ്പോൾ, എങ്ങനെ തിരിച്ചു നൽകും?

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

1504. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നഗരകാര്യ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

പയ്യന്നൂർ നഗരസഭയിൽ അധിക തസ്തികകൾ

1505. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയുടെ ഗ്രേഡ് ഉയർത്തി ഉത്തരവായിട്ടും അധിക തസ്തികകൾ അനുവദിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

വിശദമാക്കാമോ?

<u>മെക്കനൈസ്ഡ് പാർക്കിംഗ് സിസ്റ്റം</u>

1506. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ 'മെക്കനൈസ്ഡ് പാർക്കിംഗ്' സ്ഥാപിക്കുന്നതാണ് എന്ന 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംവിധാനം ഒരുക്കുന്നതിനായി 2013-14-ലെ ബഡ്ജറ്റിലും തുടർന്നുള്ള ബഡ്ജറ്റിലും അനുവദിക്കപ്പെട്ട തുക എത്രയാണ്;

(സി) ഇങ്ങനെ അനുവദിക്കപ്പെട്ട തുകയിൽ എത്ര തുക ചെലവഴിച്ചുവെന്നറിയിക്കാമോ?

<u>കൊട്ടാരക്കര നഗരസഭ</u>

1507. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നഗരസഭയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുമോ; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ബി) കൊട്ടാരക്കര നഗരസഭയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അവശ്യം വേണ്ട ജീവനക്കാരുടെ നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>മാലിന്യമുക്ത കേരളം പദ്ധതി</u>

1508. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റയുടനെ 2011-12ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മാലിന്യമുക്ത കേരളം പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയുടെ കീഴിൽ നടപ്പാക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്ത് തുകയാണ് ഓരോ വർഷവും അനുവദിക്കപ്പെട്ടിരുന്നത് ;

(ഡി) അതിൽ എന്തു തുക ഓരോ വർഷവും ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ?

## പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്

1509. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ സഹായത്തോടെ ഒരു വൻകിട പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതാണെന്ന 2012-2013ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) ഈ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് എവിടെയാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്;

(സി) ഇങ്ങനെ ഷ്രഡ് ചെയ്ത പ്ലാസ്റ്റിക്കുകൊണ്ട് റോഡ് ടാറിംഗ് നടത്താൻ ആരംഭിച്ചിട്ടുണ്ടോ?

## മുനിസിപ്പൽ പ്രദേശങ്ങളിലെ റോഡുകളുടെ നവീകരണം

1510. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ പ്രദേശങ്ങളിലെ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ നവീകരണത്തിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി ഏതെല്ലാം പദ്ധതികളിൽ നിന്നും ഏതെല്ലാം വകുപ്പുകളിൽ നിന്നും തുക അനുവദിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) മുനിസിപ്പൽ പ്രദേശങ്ങളിലെ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ നവീകരണത്തിന് എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ടും ആസ്തി വികസന ഫണ്ടും വിനിയോഗിക്കുന്നതിനെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ;

(ഡി) മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നഗരസഭകളിലെ റോഡുകളുടെ നവീകരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ട് അനുബന്ധ രേഖകൾ സഹിതം സെക്രട്ടറിയേറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സെക്ഷനിലെത്തിയാൽ പ്രസ്തുത ഫയലുകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് വളരെയധികം കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## പൊതുശൗചാലയങ്ങൾ

1511. **ശ്രീ.സി.മോയിൻ കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നഗരങ്ങളിൽ നിർമ്മിച്ച പൊതുശൗചാലയങ്ങളുടെ കണക്ക് നല്കാമോ.

(ബി) പൊതുജനങ്ങൾക്ക് അടിസ്ഥാന ആവശ്യം സൗജന്യമായി നിർവ്വഹിക്കുന്നതിന് പാതയോരങ്ങളിൽ പൊതുശൗചാലയങ്ങൾ നിർമ്മിച്ച് നൽകേണ്ടതല്ലേ;

(സി) എങ്കിൽ തലസ്ഥാനമുൾപ്പടെയുള്ള നഗരങ്ങളിൽ ആവശ്യത്തിനു പൊതുശൗചാലയങ്ങൾ നിർമ്മിക്കുകയും പൊതുജനങ്ങൾക്ക് അവ തടസ്സമില്ലാതെ ഉപയോഗിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>നഗരവികസനത്തിനുള്ള 'അമൃത്' പദ്ധതി</u>

1512. **ശ്രീ.**കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**,,** എം. ഹംസ

**,,** കെ. ദാസൻ

**,,** കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസനത്തിനുള്ള 'അമൃത്' പദ്ധതിയ്ക്ക് കേന്ദ്ര സഹായം അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) 'അമൃത്' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) 'അമൃത്' പദ്ധതിക്കായി സംസ്ഥാന വിഹിതം ലഭ്യമാക്കുന്നുണ്ടോയെന്ന് പറയാമോ; എങ്കിൽ വ്യക്തമാക്കാമോ?

<u>അർബൻ **2020** പദ്ധതി</u>

1513. **ശ്രീ.**ജോസഫ് വാഴയ്ക്കൻ

**,,** അൻവർ സാദത്ത്

**,,** വി.റ്റി.ബൽറാം

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബൻ 2020 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>അമൃത് പദ്ധതി</u>

1514. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട നഗരങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം പ്രസ്തുത നഗരങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കൈവരിക്കുവാൻ സാധിക്കുകയെന്നുള്ളത് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന വിഹിതം എത്രയാണെന്നും ഈ പദ്ധതിക്കായി കേന്ദ്ര വിഹിതമായി എത്ര തുകയാണ് ലഭ്യമാകുകയെന്നും വിശദമാക്കുമോ?

<u>ക്ലീൻ കേരള കമ്പിനി</u>

1515. ശ്രീ.ബെന്നി ബെഹനാൻ
,, ഐ.സി.ബാലകൃഷ്ണൻ
,, വി.ഡി.സതീശൻ
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പിനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>തലസ്ഥാന നഗരസഭയിലെ ശുചിത്വ വാർഡുകൾ</u>

1516. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരസഭയിൽ എത്ര വാർഡുകളെ ശുചിത്വ വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) ഈ വാർഡുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥിരം ഒഴിവുകളിലേയ്ക്കല്ലാതെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) ശുചിത്വ വാർഡ് പ്രഖ്യാപനശേഷവും ആ വാർഡുകളിൽ മാലിന്യക്കൂമ്പാരങ്ങൾ കത്തിക്കുന്ന പ്രക്രിയ തുടരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന സംവിധാനമൊരുക്കാതെ, ക്യാമറകൾ സ്ഥാപിച്ച് നഗരവാസികളെ നിരീക്ഷിക്കുന്നത് ജനവിരുദ്ധനടപടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ

അടിയന്തരമായി കൈക്കൊള്ളുമോ ?

## മാലിന്യ സംസ്കരണ പ്ളാന്റുകൾ

1517. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വൻകിട മാലിന്യ സംസ്കരണ പ്ളാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ;

(സി) പ്രസ്തുത പദ്ധതിക്കായി ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയിൽ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ?

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ

1518. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ചട്ടപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ടോ;

(ബി) പ്രസ്തുത അധികാരം എന്ന് മുതല്ക്കാണ് നിലവിൽ വന്നത്;

(സി) ചട്ടം ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

## നഗരസഭയുടെ കെട്ടിടങ്ങൾ

1519. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്കു നൽകുന്നതിന് നിലവിലുള്ള മാനദണ്ഡമെന്താണ്;

(ബി) കെട്ടിടം/മുറി എന്നിവയ്ക്കായുള്ള അപേക്ഷ അംഗീകരിച്ച് വാടക അഡ്വാൻസ് അടയ്ക്കുന്നതിന് രേഖാമൂലം കത്തു നൽകാറുണ്ടോ; എങ്കിൽ അഡ്വാൻസ് അടച്ച് എത്ര ദിവസത്തിനകം വാടക കരാർ എഴുതേണ്ടതാണ്;

(സി) മുറി/കെട്ടിടം അനുവദിച്ച് വാടക അഡ്വാൻസ് അടപ്പിച്ചു കഴിഞ്ഞ് വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ നഗരസഭയ്ക്ക് അധികാരമുണ്ടോ;

(ഡി) ഇത്തരത്തിൽ വ്യവസ്ഥകളിൽ നിന്നും നഗരസഭ പിൻമാറുകയും വാടകക്കരാർ വെയ്ക്കുന്നതിന് തടസ്സം നേരിടുകയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ഇ) പ്രസ്തുത കാലയളവിൽ ഉപഭോക്താവ് അടച്ചിട്ടുള്ള വാടക അഡ്വാൻസിന്റെ നഷ്ടപരിഹാരം നൽകാൻ നഗരസഭയ്ക്ക് ബാധ്യതയില്ലേ;

(എഫ്) വാടക കരാർ നിലവിൽ വരാതെ വാടക പിരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഏതു നിയമപ്രകാരമാണ്; വ്യക്തമാക്കാമോ;

(ജി) വാടക കരാർ നിലവിൽ വരാതിരിക്കുകയും വാടക അഡ്വാൻസിൽ നിന്നും വാടക ഈടാക്കുകയും ചെയ്യുന്നത് ഉപഭോക്താക്കളെ വഞ്ചിക്കുന്ന നടപടിയല്ലേ; ഇത്തരത്തിൽ അനഭിമതമായ പ്രവർത്തി ഏതെങ്കിലും നഗരസഭകളുടെ ഭാഗത്തുനിന്നുമുണ്ടായാൽ ഇടപെടുമോ ?

## നഗരങ്ങളിലെ ഫ്ലാറ്റ് നിർമ്മാണം

1520. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ നഗരങ്ങളിൽ എത്ര ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ വിശദ വിവരങ്ങൾ ജില്ല തിരിച്ച് നൽകുമോ;

(സി) നഗര പ്രദേശങ്ങളിൽ ഫ്ലാറ്റ് നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ?

## തലസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജനം

1521. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കാൻ കോർപ്പറേഷൻ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എത്ര മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ നിർമ്മിച്ചിട്ടുണ്ട് ;

(ബി) മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകളുടെ നിർമ്മാണാവശ്യത്തിനായി സർക്കാർ ഈ കാലയളവിൽ എന്തു തുക നല്കിയിട്ടുണ്ട് ;

(സി) നിലവിൽ നഗരമാലിന്യം മുഴുവൻ സംസ്കരിക്കുന്നതിനുള്ള സൗകര്യം കോർപ്പറേഷൻ പരിധിയിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ ?

<u>പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതി</u>

1522. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ററി) പ്രവൃത്തി ചെയ്ത വകയിൽ എത്ര തുക കരാറുകാർക്ക് കുടിശ്ശിക നൽകാനുണ്ട്;

(ബി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>മെക്കനൈസ്ഡ് പാർക്കിംഗ് സെന്റർ</u>

1523. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അനിയന്ത്രിതമായ പെരുപ്പവും കടുത്ത ഗതാഗതകുരുക്കും, പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തതയും കണക്കിലെടുത്ത് ആധുനികമായ മെക്കനൈസ്ഡ് പാർക്കിംഗ് സെന്റർ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ബഡ്ജറ്റിലാണ് പ്രഖ്യാപനം നടത്തിയത് നാളിതുവരെയായി ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഈയിനത്തിൽ ചെലവഴിക്കാതെ കിടക്കുന്ന തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) 2013 ഏപ്രിൽ 1മുതൽ 2015 മാർച്ച് 31വരെയുള്ള കാലയളവിൽ നഗരങ്ങളിൽ ഏർപ്പെടുത്തിയ പാർക്കിംഗ് കേന്ദ്രങ്ങൾ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ; ഓരോ കേന്ദ്രത്തിനും ചെലവായ തുക എത്ര?

<u>ഫ്ലാറ്റുകൾക്ക് നോട്ടീസ് നൽകൽ</u>

1524. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ഫ്ലാറ്റുകകൾക്ക്, നിയമലംഘനം നടത്തി എന്ന നിഗമനത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്; നോട്ടീസുകൾ നൽകാനുണ്ടായ കാരണം വിശദമാക്കുമോ;

(ബി) നോട്ടീസിലെ കാരണങ്ങൾ ഒഴിവാക്കി നൽകുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

## പാർട്ട്ണർഷിപ്പ് കേരള മിഷൻ പദ്ധതി

1525. ശ്രീ.സി.പി.മുഹമ്മദ്
,, ടി.എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്ണർഷിപ്പ് കേരള മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## ക്ലീൻ കേരള കമ്പനി

1526. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള കമ്പനി രൂപീകൃതമായത് എന്നാണ്;

(ബി) പ്രസ്തുത കമ്പനി രൂപീകൃതമായതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു; അത് നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കമ്പനിയ്ക്ക് ഓരോ വർഷവും എന്ത് തുക വീതം ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു; അതിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്നറിയിക്കാമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

1527. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്ന് എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതിയും അനുവദിച്ച തുകയും വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാറിന്റെ ന്യൂനപക്ഷമേഖലകളിലേക്കുള്ള പദ്ധതികൾ പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്തു തുക അനുവദിച്ചു; അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്നറിയിക്കുമോ?

<u>മലപ്പുറം മണ്ഡലത്തിലെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>

1528. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷക്ഷേമ വകുപ്പ് വഴി മലപ്പുറം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി എന്നറിയിക്കുമോ;

(ബി) ഓരോ പദ്ധതിക്കും എന്തു തുക ചെലവഴിച്ചുവെന്നും പൂർത്തീകരിച്ചോയെന്നും വ്യക്തമാക്കാമോ?

<u>ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ നിയമനം</u>

1529. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ നിയമനത്തിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ നിലവിൽ നിയമിതനായ സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകനായ ശ്രീ. പി. നസീറിന് ഉണ്ടോ; ഇത് സർക്കാർ അംഗീകരിച്ച സ്ഥിരം നിയമനം ആണോ; പ്രസ്തുത തസ്തികയിലെ ശമ്പളവും മറ്റ് അലവൻസുകളും എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) പി. നസീറിന്റെ നിയമനം സംബന്ധിച്ച് ചീഫ് സെക്രട്ടറി നിയമ/ധന /ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിമാർ കടുത്ത എതിർപ്പ് രേഖപ്പെടുത്തിയിട്ടും, സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകൻ എന്ന പദവിയിലുള്ള പ്രസ്തുത വ്യക്തിയെ തന്നെ നിയമിക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഗവൺമെന്റ് സെക്രട്ടറി പദവിയിലുള്ള തസ്തികയിൽ ഇപ്രകാരം സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകനെ ഡയറക്ടറാക്കി നിയമിച്ചത് സർക്കാർ അംഗീകരിച്ചുവോ;

(ഇ) എങ്കിൽ പ്രസ്തുത നിയമവിരുദ്ധ നിയമനത്തിന് അനുമതി നൽകാൻ കാരണമായ നിയമോപദേശം ലഭിച്ചത് എവിടെനിന്നാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകൻ 20.01.2016 മുതൽ സർക്കാർ സ്ഥാപനത്തിലെ ഡയറക്ടർ ആയത് തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ജി) സ്വകാര്യ കോളേജ് അധ്യാപക തസ്തികയിലൂടെ ന്യൂനപക്ഷ ഡയറക്ടറായി

ഐ.എ.എസ്. പദവിയിലെത്തുന്ന ഇത്തരം ഉദ്യോഗസ്ഥരെ തൽസ്ഥാനത്ത് നിന്നും മാറ്റി നിറുത്തി നിയമനത്തിലെ തട്ടിപ്പുകൾ സംബന്ധിച്ച് ഒരു ഉന്നതതല അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ന്യൂനപക്ഷ വികസന കോർപ്പറേഷൻ വഴിയുള്ള വിദ്യാഭ്യാസ വായ്പ</u>

1530. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന കോർപ്പറേഷൻ വഴി വിദ്യാഭ്യാസ വായ്പാ വിതരണം ആരംഭിച്ചിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുന്നുണ്ടോ;

(സി) വിദ്യാഭ്യാസ വായ്പയ്ക്കുള്ള എത്ര അപേക്ഷകളാണ് കോർപ്പറേഷനിൽ ലഭിച്ചിട്ടുള്ളത്; ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയാണെന്നറിയിക്കാമോ?

<u>ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ</u>

1531. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബഡ്ജറ്റിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരുന്ന 55 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ വായ്പ</u>

1532. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ വായ്പയ്ക്കായി അനുവദിച്ച തുക; ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗകാർക്കുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ഗ്യാരന്റി നൽകാത്തതിന്റെ പേരിൽ എത്ര അപേക്ഷകർക്ക് നീതി നിഷേധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ

1533. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾ നിലവിലില്ലെങ്കിൽ ആയതിനു പകരമുള്ള എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷക്ഷേമ വകുപ്പിന് ഇതുവരെ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇവരിൽ ആരെയെങ്കിലും വകുപ്പ് അബ്സോർബ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തസ്തികകളിൽ നേരിട്ടുള്ള നിയമനം വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നിയമനം ലഭിച്ച തസ്തിക, യോഗ്യത, ശമ്പളം, നിയമനം നടത്തിയ രീതി എന്നിവ വിശദമാക്കുമോ;

(എഫ്) മന്ത്രിസഭ നേരിട്ടു നിയമനം നടത്തിയ തസ്തികകൾ ഉണ്ടോ; എങ്കിൽ നിയമനം നടത്തിയ തസ്തിക, യോഗ്യത, ശമ്പളം, നിയമന രീതി ,നിയമനം നൽകിയവരുടെ പേരും വിവരങ്ങളും എന്നിവ വ്യക്തമാക്കുമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഡെപ്യൂട്ടേഷൻ

1534. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ട് എന്ന് പറയാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കിയ എത്ര ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തിയെന്നും; ഏതൊക്കെ തസ്തികകയിലാണ് നിയമിച്ചതെന്നും പറയാമോ;

(സി) ഇത്തരത്തിൽ സ്ഥിര നിയമനം നൽകിയ ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് പി.എസ്.സി. നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യത ഉണ്ടെന്ന്

ഉറപ്പ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ചട്ടങ്ങൾക്ക് വിരുദ്ധമായി ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സർക്കാർ സർവ്വീസിൽ ഡയറക്ടർ പദവിയിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യത ഉള്ള ഉദ്യോഗസ്ഥർ ഇല്ലാതിരുന്നിട്ടാണോ, സ്വകാര്യ കോളേജ് അധ്യാപകനെ പ്രസ്തുത വകുപ്പിൽ ഡയറക്ടറായി നിയമിച്ചത് എന്ന് വ്യക്തമാക്കാമോ?

## പോളച്ചിറ ഏലായിലെ കൃഷി

1535. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലായിൽ ത്രിതല പഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും ചുമതലയിൽ അവസാനമായി കൃഷി നടത്തിയത് എന്നാണ്; പ്രസ്തുത കൃഷി ഇറക്കുന്നതിലേയ്ക്കായി ത്രിതല പഞ്ചായത്തും കൃഷിവകുപ്പും നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും എത്ര രൂപയുടെ സഹായം ഉണ്ടായിരുന്നുവെന്നും അറിയിക്കുമോ;

(ബി) അവസാനമായി പുഞ്ചകൃഷി നടത്തിയ കാലയളവിൽ എത്ര കൃഷിക്കാർ കൃഷി ചെയ്യുവാൻ സന്നദ്ധമായിരുന്നുവെന്നും എത്ര ടൺ നെല്ല് വിളവ് ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നബാർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ കൃഷിക്കാർക്ക് എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ?

## കാർഷിക മേഖലയുടെ അഭിവൃദ്ധി

1536. **ശ്രീ.റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പുവഴി ഇടുക്കി നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്കു വേണ്ടി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

<u>സമ്പൂർണ്ണ ജൈവ ജില്ല</u>

1537. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ ജില്ലയാക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇത് എത്രത്തോളം യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>മട്ടന്നൂർ നിയോജക മണ്ഡലത്തിൽ കാർഷിക പദ്ധതി</u>

1538. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കൃഷിവകുപ്പ് മുഖേന മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കൃഷിഭവനുകളിലൂടെ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിക്കും വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

<u>നീര</u>

1539. **ശ്രീ.വി.റ്റി.ബൽറാം**
**,, എ.റ്റി.ജോർജ്**
**,, ലൂഡി ലൂയിസ്**
**,, പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നീര വിപണിയിലെത്തിക്കാൻ കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

<u>വളം കീടനാശിനി ഗുണനിലവാരം</u>

1540. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) കർഷകർക്ക് ലഭിക്കുന്ന ജൈവവളം, ജൈവകീടനാശിനി എന്നിവയിൽ പലപ്പോഴും മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മായം ചേർത്തതും ഗുണനിലവാരമില്ലാത്തതുമായ വളം ഉപയോഗിക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴിയും അല്ലാതെയും വിപണനം ചെയ്യുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുകയും ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ വളം വിപണനം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

<u>നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ</u>

1541. ശ്രീ.കെ.എസ്.ശബരീനാഥൻ
,, വി.പി.സജീന്ദ്രൻ
,, എം.എ. വാഹീദ്
,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

<u>കേര കർഷകർക്കുള്ള പ്രോത്സാഹന സഹായ പദ്ധതികൾ</u>

1542. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർക്ക് സർക്കാർ നല്കുന്ന പ്രോത്സാഹന സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) തേങ്ങ ഉൽപാദനം വർധിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുഖേന ഏതെല്ലാം ഇനങ്ങളിലെ തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നതെന്നും ഇവ എവിടെ ലഭ്യമാകുമെന്നും അറിയിക്കുമോ;

(സി) ആധുനിക കൃഷി രീതികൾ കേരകർഷകർക്ക് ലഭ്യമാകുന്നതിന് നല്കുന്ന പരിശീലന പരിപാടികളും പരിശീലന കേന്ദ്രങ്ങളും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## ഏലം കർഷകർക്കുള്ള കർമ്മപദ്ധതി

1543. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏലം കർഷകരെ സഹായിക്കുന്നതിനും ഏലത്തിന്റെ വില മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) 2012 മുതൽ ഓരോ വർഷത്തെയും ഏലയ്ക്കയുടെ ശരാശരി വിപണി വില ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏലത്തിന് ഇപ്പോൾ ലഭിക്കുന്ന വില കുറവാണ് എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിലസ്ഥിരത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഏലത്തിന്റെ വിപണി വില കുറയാൻ ഇടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ഇ) ഏലത്തിന്റെ വിപണി വില മെച്ചപ്പെടുത്തി കർഷകരെ സഹായിക്കുന്നതിനായി പുതിയ കർമ്മപദ്ധതി ആവിഷ്കരിക്കുമോ;

(എഫ്) കടത്തിൽപ്പെട്ട ഏലം കർഷകരുടെ കാർഷിക വായ്പ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

## മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം

1544. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് 20.1.2016-ൽ കൃഷി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന

യോഗത്തിലെടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തീരുമാനങ്ങളിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) മാമം നാളികേര കോംപ്ലക്സിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ഇവർ ഏത് തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും വിശദമാക്കാമോ?

<u>കർഷക ആത്മഹത്യ</u>

T 1545. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടക്കെണിയിൽപ്പെട്ട് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

<u>നിറവ് പദ്ധതി</u>

1546. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്ന നിറവ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി നടത്തിപ്പിലൂടെ ഉദ്ദേശിക്കുന്നതെന്നും കോട്ടയം ജില്ലയിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) കോട്ടയം ജില്ലയിൽ പദ്ധതി നടപ്പാക്കുന്ന നിയോജകമണ്ഡലങ്ങളിലെ പുരോഗതി വെളിപ്പെടുത്തുമോ; ഓരോ നിയോജകമണ്ഡലത്തിലും പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ ?

<u>നിറവ് പദ്ധതി</u>

1547. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയുടെ ഭാഗമായി എത്ര ലക്ഷം രൂപ അനുവദിച്ചു; വിശദവിവരം നൽകുമോ;

(ബി) മണ്ഡലം തിരിച്ചുള്ള പദ്ധതി തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര മണ്ഡലങ്ങളിൽ നിറവ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്; ഇതിന്റെ

ഭാഗമായി വന്നുചേർന്നിട്ടുള്ള നേട്ടങ്ങൾ മണ്ഡലം തിരിച്ച് നൽകുമോ?

## നിറവ് പദ്ധതി

1548. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പാക്കുന്ന നിറവ് പദ്ധതിയിൽ പൊന്നാനി മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് അനുവദിച്ചിരുന്ന തുക എത്രയെന്ന് വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേക്കും നിറവ് പദ്ധതിയിൽ വകയിരുത്തിയ തുക മണ്ഡലം തിരിച്ച് വിശദമാക്കുമോ?

## അഗ്രി കാർഡ് വിതരണം

1549. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ പൂർത്തീകരിച്ച കർഷകർക്ക് അഗ്രികാർഡ് നൽകുന്നതാണെന്ന 2014-15 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പേർക്കാണ് അഗ്രി കാർഡ് വിതരണം പൂർത്തിയാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) അഗ്രി കാർഡ് മുഖേന കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത് എന്ന് അറിയിക്കാമോ?

## നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

1550. **ശ്രീ.പി.ഉബൈദുള്ള**
**,, കെ.എൻ.എ.ഖാദർ**
**,, റ്റി.എ.അഹമ്മദ് കബീർ**
**,, പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) വായ്പയെടുത്ത് കൃഷി ചെയ്ത് ഉദ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതും തുക നൽകാത്തതുമായ സ്ഥിതി വിശേഷം നെൽ

കർഷകർക്കുണ്ടാകുന്ന ഗുരുതര സാമ്പത്തിക പ്രശ്നം പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഉദ്യോഗസ്ഥ തലത്തിൽ നെൽകർഷകരോട് കാട്ടുന്നതായി പറയപ്പെടുന്ന അവഗണന അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ?

<u>കർഷക ക്ഷേമ പെൻഷൻ</u>

1551. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ക്ഷേമ പെൻഷൻ ഇനത്തിൽ കുടിശ്ശിക എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ കൊടുത്തുതീർക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഒരു കർഷകൻെറ പ്രതിമാസ പെൻഷൻ നിരക്ക് എത്രയാണ്; പ്രസ്തുത തുക അതത് മാസം തന്നെ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കർഷക ക്ഷേമ പെൻഷൻ തുക ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; പ്രതിവർഷം എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ചെലവ് വരുന്നത്?

<u>കാർഷിക മേഖലയിലെ നവീകരണ പദ്ധതികളും നേട്ടങ്ങളും</u>

1552. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിനും ആരോഗ്യകരമായ കാർഷികോത്പന്നങ്ങളുടെ ഉത്പാദന വർദ്ധനവിനും വേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദമാക്കാമോ; ഇതിലൂടെ ഉണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ?

(ബി) പ്രസ്തുത പദ്ധതികളിലൂടെ കർഷകരുടെ ജീവിത നിലവാരം എപ്രകാരം മെച്ചപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?

(സി) പ്രസ്തുത കാർഷിക നവീകരണ പദ്ധതികളിലൂടെ കാർഷിക മേഖലയിലേയ്ക്ക് കടന്നുവന്നവർ എത്രയാണെന്ന് വിശദമാക്കാമോ?

<u>കർഷക കടാശ്വാസ കമ്മീഷൻ</u>

1553. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ വഴി 2015-16ൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്; എത്ര രൂപയാണ് പ്രസ്തുത വർഷത്തിൽ ചിലവിട്ടത്?

<u>കർഷക കടാശ്വാസ കമ്മീഷൻ</u>

1554. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സാമ്പത്തിക പ്രതിസന്ധി മൂലവും കടക്കെണിയിൽപ്പെട്ടും നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തു; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുവാൻ നാളിതുവരെ എന്തു തുക ധനസഹായമായി ചിലവഴിച്ചു; കർഷകരുടെ എത്ര ബാങ്ക് ലോണുകൾ എഴുതിതള്ളാൻ നിർദ്ദേശം നൽകി; വിശദാംശം വ്യക്തമാക്കുമോ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം എന്തെല്ലാം സഹായങ്ങൾ നാളിതുവരെ ലഭ്യമാക്കി; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിനുള്ളിൽ നാളിതുവരെ കർഷക കടാശ്വാസ കമ്മീഷൻ എത്ര അപേക്ഷകൾ സ്വീകരിക്കുകയുണ്ടായി; ആയതിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കുകയുണ്ടായി; ആയതു പ്രകാരം എത്ര തുക കമ്മീഷൻ ശിപാർശ ചെയ്തു; ഇതിൽ എത്ര തുക നാളിതു വരെ നൽകി; വിശദാംശം വ്യക്തമാക്കുമോ?

<u>കർഷക പെൻഷൻ വിതരണം</u>

1555. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷൻ എത്രപേർക്ക് വിതരണം ചെയ്യുന്നുണ്ടെന്നും, പെൻഷന് വേണ്ടി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്പോഴും പരിഗണിക്കാത്ത എത്ര അപേക്ഷകളുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പെൻഷൻ തുകയുടെ എത്ര മാസത്തെ കടിശ്ശിക ഇനിയും വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

## ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥലം

1556. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥലം വി .എഫ് .പി .സി .കെ (VFPCK )യ്ക്ക് വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിട്ടുനൽകുന്നതിന് തീരുമാനിച്ച സ്ഥലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലം ഏതാവശ്യത്തിലേയ്ക്കാണ് വിട്ടുനൽകിയതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കയ്പാട് കൃഷി സംരക്ഷണ പദ്ധതി

1557. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പരമ്പരാഗത കയ്പാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ഡി.സി (കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ) സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നബാർഡിന്റെ RIDF-XXI ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## നാളികേര സംഭരണ സംവിധാനങ്ങൾ

1558. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര സംഭരണത്തിന് സർക്കാർതലത്തിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) ഈ സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തുന്ന സംഭരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(സി) എത്ര ടൺ കൊപ്ര/പച്ചത്തേങ്ങ ആണ് ഇക്കാലയളവിൽ സംഭരിച്ചതെന്ന് അറിയിക്കാമോ?

<u>റബ്ബർ സംഭരണം</u>

1559. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരാശരി എത്ര മെട്രിക് ടൺ റബ്ബർ പ്രതിവർഷം ഉല്പാദിപ്പിക്കുന്നുണ്ട്; കഴിഞ്ഞ പത്തു വർഷത്തെ സംസ്ഥാനത്തെ റബ്ബർ ഉല്പാദനം എത്ര മെട്രിക് ടൺ വീതമാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ സർക്കാർ 2011-12 മുതൽ പിന്നിട്ട ഓരോ വർഷവും എത്ര മെട്രിക് ടൺ റബ്ബർ, താങ്ങുവില നല്കി സംഭരിക്കുകയുണ്ടായി; ഓരോ വർഷവും ഖജനാവിൽ നിന്ന് ഇതിനായി പിൻവലിച്ച തുക എത്രവീതം;

(സി) റബ്ബറിന്റെ വിലത്തകർച്ച ഇപ്പോൾ ഏത് നിലവാരത്തിലെത്തിനിൽക്കുന്നു; വിശദമാക്കാമോ;

(ഡി) നടപ്പുവർഷം എത്ര മെട്രിക് ടൺ റബ്ബർ വാങ്ങാനും എത്ര തുക അതിനായി ചെലവഴിക്കാനും തീരുമാനിച്ചിരുന്നു; ചെലവഴിച്ച തുക എത്ര; സംഭരിച്ച റബ്ബർ എത്ര; റബ്ബർ സംഭരിച്ച ഇനത്തിൽ നല്കേണ്ടതായ ഹാന്റിലിംഗ് ചാർജ്ജ് നല്കിയിട്ടുണ്ടോ?

<u>ജൈവകൃഷി വ്യാപനം</u>

1560. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി വ്യാപകമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ജൈവകൃഷി വ്യാപിപ്പിക്കാൻ സ്കൂൾ മുഖാന്തിരം വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ പദ്ധതിയുണ്ടോ; സ്കൂൾ മുഖാന്തിരം കൃഷിവകുപ്പ് പച്ചക്കറി വിത്തുകൾ വിതരണം നടത്തിയിട്ടുണ്ടോ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന സംഘടനകളെ സഹായിക്കാൻ എന്തൊക്കെ

നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

<u>നാളികേര വിലയിടിവ്</u>

1561. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വിലയിടിവ് മൂലം കേര കർഷകർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കൃഷി ഭവൻ വഴിയുള്ള നാളികേര സംഭരണം ഫലപ്രദമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) നാളികേരം സംഭരിക്കുന്നതിനും കർഷകർക്ക് മാന്യമായ വില നൽകുന്നതിനും തയ്യാറാകുമോ;

(ഡി) നാളികേര കർഷകരെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതി</u>

1562. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതിക്കായി ഓരോ വർഷവും നീക്കിവച്ച തുക എത്രയായിരുന്നു;

(ബി) പ്രസ്തുത വർഷങ്ങളിൽ എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ?

<u>നാളികേര ബയോപാർക്ക്</u>

1563. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ജില്ലാകൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ശിലാസ്ഥാപനം നടത്തി രണ്ട് വർഷം പൂർത്തിയാകാൻ പോകുമ്പോഴും പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ

പറയാമോ;

(ഡി) നബാർഡിൽ നിന്നും ഈ പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചതിനുശേഷം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(ഇ) ഈ സാമ്പത്തിക വർഷം തന്നെ ഈ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## വിഷരഹിത പച്ചക്കറികൾ

1564. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പച്ചക്കറികൾ വ്യാപകമാക്കുന്നതിൽ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ജൈവകീടനാശിനികളും കീടങ്ങളെ അതിജീവിക്കുന്ന വിത്തുകളും കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## റബ്ബർ കർഷകർക്കുള്ള സഹായം

1565. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവിനെത്തുടർന്ന് പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ റബ്ബറിന് തറവില നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ച പദ്ധതികൾ ഏതെല്ലാമാണ് ;വ്യക്തമാക്കാമോ;

(ഡി) ആയതിന് ആകെ എത്ര രൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഇ) റബ്ബർ വിലയിടിവ് മൂലമുണ്ടായ സാമ്പത്തിക പ്രയാസം കാരണം കർഷകർ ഈ കാലയളവിൽ ആത്മഹത്യ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) ഇങ്ങനെ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തെ സഹായിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;വ്യക്തമാക്കാമോ?

<u>തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>

1566. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൃഷി വകുപ്പ് തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ, ഓരോ പദ്ധതിക്കും ഇതേവരെ എന്തു തുക ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ നടപടി</u>

1567. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) എൻഡോസൾഫാൻ ഉൾപ്പെടെയുള്ള മാരക വിഷം തളിച്ച പഴങ്ങളും, പച്ചക്കറികളും സംസ്ഥാനത്ത് വിപണനം നടത്തുന്നത് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കൃഷിയോഗ്യമായ ഭൂമി തരിശായി ഇടുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) തരിശുഭൂമി പിടിച്ചെടുത്ത് കൃഷി ചെയ്യുവാൻ സന്നദ്ധരായവർക്ക് പാട്ടത്തിന് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>പോളിഹൗസ് കൃഷി രീതിക്ക് നൽകുന്ന സഹായങ്ങൾ</u>

1568. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിഹൗസ് കൃഷി രീതിക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പോളിഹൗസ് കൃഷിരീതി പരിശീലിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പോളിഹൗസ് കൃഷിരീതിയുടെ ഗുണദോഷങ്ങൾ എന്തെല്ലാമാണെന്ന് പഠനം

നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>കാർഷിക വായ്പ</u>

1569. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം കാർഷിക വായ്പാതുക തിരിച്ചടക്കുന്ന കർഷകരുടെ പലിശ സബ്സിഡിയിനത്തിൽ 2015-2016ൽ വകയിരുത്തിയ തുക എത്രയായിരുന്നെന്നും ഇതിൽ കർഷകർക്ക് നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>കാർഷിക വികസന നയം</u>

1570. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന നയത്തിലെ ഏതെല്ലാം ശിപാർശകളാണ് ഈ സർക്കാർ നടപ്പിലാക്കിയത്; അതിലൂടെ കർഷകനും, കാർഷിക മേഖലയിലും ഉണ്ടായ മെച്ചമെന്താണെന്ന് വിശദമാക്കാമോ?

<u>ആത്മഹത്യ ചെയ്ത റബ്ബർ കർഷകർ</u>

1571. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് റബ്ബർ വിലയിടിവ് കാരണം കടക്കെണിയിലായി ആത്മഹത്യ ചെയ്ത റബ്ബർ കർഷകർ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ കർഷകരുടെ കുടുംബങ്ങൾക്ക് സർക്കാർ എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) റബ്ബർ വിലയിടിവ് മൂലം കഷ്ടത അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത നടപടി കർഷകർക്ക് എത്രത്തോളം ഉപകാരപ്രദമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കാർഷിക വിപണന കേന്ദ്രങ്ങൾ</u>

1572. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി, തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്ര സഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുന്നതാണ് എന്ന 2014-15-ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് കാർഷിക വിപണന മാളുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്ത് തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്;അതിൽ ചെലവഴിക്കപ്പെട്ട തുക എത്ര;വ്യക്തമാക്കാമോ ?

<u>അടിസ്ഥാന സൗകര്യ വികസനം</u>

1573. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലായിൽ നബാർഡ് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസന ആവശ്യത്തിലേക്കായി എത്ര രൂപയുടെ ഭരണാനുമതി എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രാവർത്തികമാക്കുവാൻ വിഭാവന ചെയ്തിരുന്നതെന്നും, അതിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ;

(സി) ഈ പദ്ധതി പൂർത്തീകരിക്കുവാൻ നൽകിയിരുന്ന തീയതി എന്നാണ്; കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) ശേഷിക്കുന്ന നിർമ്മാണ ജോലികൾ എന്തൊക്കെയാണെന്നും, ആയത് എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) നിർമ്മാണ ജോലികൾ പൂർത്തീകരിച്ച വകയിൽ എത്ര രൂപ സമിതിയ്ക്ക് നൽകിയിട്ടുണ്ട്;

(എഫ്) പദ്ധതി പൂർത്തീകരിക്കുന്നതിലേക്കായി തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ജി) കരാർ ഏറ്റെടുത്ത സമിതിയുടേതല്ലാത്ത കാരണത്താൽ പ്രവൃത്തികൾ നടത്തുവാൻ കാലതാമസം നേരിട്ട കാര്യം പരിഗണിച്ച് പദ്ധതി പൂർത്തീകരിക്കുവാൻ കാലപരിധി നീട്ടിനൽകുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ; ഇപ്പോഴത്തെ

നിലയിൽ എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

## കാർഷിക മേഖലയുടെ വികസനം

1574. ശ്രീ.ഇ.ചന്ദ്രശേഖരൻ
,, കെ.രാജു
,, വി.എസ്.സുനിൽ കുമാർ
,, പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി എന്ത് തുക വകയിരുത്തി; എന്ത് തുക ചെലവഴിച്ചു;

(ബി) ഏതെല്ലാം പദ്ധതികൾക്കായാണ് പ്രസ്തുത തുക വകയിരുത്തിയിരുന്നത്; ഓരോ പദ്ധതിക്കുമായി മാറ്റിവച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്നു വെളിപ്പെടുത്തുമോ;

(സി) വിളനാശവും വിലത്തകർച്ചയും മൂലം കടക്കെണിയിലായ കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

## കാർഷിക മേഖലയിലെ കർമ്മ പദ്ധതികൾ

1575. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി.ഡി.സതീശൻ
,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ കാർഷിക മേഖലയിൽ പുത്തനുണർവ്വിന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കാർഷിക മേഖലയുടെ അടിസ്ഥാന വികസന പദ്ധതി

1576. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കാർഷിക മേഖലയുടെ അടിസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി എം.എൽ.എയുടെ ഉപരിപത്രത്തോടെ 28.01.2015-ന് സമർപ്പിച്ച കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ മാക്കി -നടുവയൽ, പുഞ്ചാവി-കല്ലൂരാവി, മടിക്കൈ-കുണ്ടേൻ വയൽ, അയ്യങ്കാവ്-ചുള്ളിക്കര, കിനാനൂർ, ചെന്തളം എന്നീ പ്രവൃത്തികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആകെ എത്ര തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ?

## കാർഷിക വിളകളുടെ വിലത്തകർച്ച

T 1577. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഉൾപ്പെടെയുള്ള കാർഷിക വിളകളുടെ വിലത്തകർച്ച മൂലം കഷ്ടത അനുഭവിക്കുന്ന കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) റബ്ബർ ഉൾപ്പെടെ കാർഷിക മേഖലയ്ക്ക് പ്രത്യേക പാക്കേജുകൾ അടിയന്തരമായി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) റബ്ബർ കർഷകർക്ക് കേന്ദ്ര സർക്കാരിൽ നിന്നും പരമാവധി സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## മലപ്പുറം മണ്ഡലത്തിലെ വികസനപദ്ധതികൾ

1578. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പാക്കിയ വികസനപദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമാ;

(ബി) ഇവ ഓരോന്നിനും എന്തു തുക ചെലവഴിച്ചുവെന്നും ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വെളിപ്പെടുത്താമോ?

## പൊന്നാനി മണ്ഡലത്തിലെ കൃഷിവകുപ്പിന്റെ പദ്ധതികൾ

1579. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊന്നാനി മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;ടെയും നിലവിലെ അവസ്ഥയു എന്താണ്എന്നും

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(സി) കേന്ദ്ര പാക്കേജുകളിൽ നിന്ന് പൊന്നാനി കോൾ മേഖലക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ട്; ഏതെല്ലാം പൂർത്തിയാകാനുണ്ട് ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കാർഷിക പദ്ധതികളിലൂടെ കൈവരിച്ച ഉത്പാദന വർദ്ധനവ്</u>

1580. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ കാർഷിക പദ്ധതികളിലൂടെ കൈവരിച്ച ഉത്പാദന വർദ്ധനവ് എത്രയാണെന്ന് കാർഷിക ഇനങ്ങളും ജില്ലയും തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് ഉത്പാദന വർദ്ധനവ് എത്ര മടങ്ങുണ്ട് ;

(സി) ഉത്പാദന വർദ്ധനവിലൂടെ കർഷകർക്കുണ്ടായ സാമ്പത്തിക നേട്ടങ്ങൾ വിശദമാക്കാമോ?

<u>കാർഷിക സർവ്വകലാശാലയുടെ കീഴിലെ സ്ഥാപനങ്ങൾ</u>

1581. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന റിസർച്ച് സ്റ്റേഷനുകളുടെയും ട്രെയിനിംഗ് എക്സ്റ്റൻഷൻ സെന്ററുകളുടെയും കൃഷി വിജ്ഞാൻ കേന്ദ്രങ്ങളുടെയും ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന ലാബുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന നടപടികളുടെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളും നിയമനങ്ങളുടെ മാനദണ്ഡവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ തസ്തികകളിലെ നിലവിലുള്ള ഒഴിവുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(എഫ്) നിയമനം നടത്തുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

## പോളച്ചിറ ഏലായിൽ പുഞ്ചകൃഷി

1582. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലായിൽ പുഞ്ചകൃഷിക്ക് യോഗ്യമായ എത്ര ഏക്കർ ഭൂമി ഉണ്ടെന്ന് കൃഷി വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി എത്ര കൃഷിക്കാരുടെ കൈവശമാണെന്നും, കൃഷി നടപ്പിലാക്കുമ്പോൾ എത്ര കൃഷിക്കാർ വരെ കൃഷിക്ക് താല്പര്യം കാണിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) 2015-2016 വർഷം പ്രസ്തുത ഏലായിൽ പുഞ്ചകൃഷി നടത്തുന്നതിലേക്കായി ത്രിതല പഞ്ചായത്തും, കൃഷിവകുപ്പും ചേർന്ന് പദ്ധതി ആസൂത്രണം ചെയ്തിരുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത പുഞ്ചകൃഷി ആരംഭിക്കുന്നതിലേക്കായി തടസ്സങ്ങൾ വല്ലതും ഉണ്ടായിരുന്നോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേക്കായി എന്ത് നടപടികളാണ് അധികൃതർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പോളച്ചിറ ഏലായിൽ പുഞ്ചകൃഷി ലാഭകരമായി നടത്താമെന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

## ധർമ്മടം നിയോജകമണ്ഡലത്തിലെ കൃഷിവകുപ്പിന്റെ പദ്ധതികൾ

1583. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധർമ്മടം നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകം

വിശദമാക്കാമോ?

## കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

1584. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കുളങ്ങൾ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന കൃഷി വകുപ്പ് മുഖേന എന്തെല്ലാം പ്രോജക്ടുകളാണ് കുളങ്ങൾ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുളങ്ങൾ നവീകരിക്കുന്നതിനായി എത്ര രൂപ ചെലവഴിച്ചു; വിശദ വിവരം വെളിപ്പെടുത്താമോ?

## നെൽവയൽ - തണ്ണീർ തടസംരക്ഷണ നിയമം

1585. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ - തണ്ണീർ തടസംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എത്ര ഏക്കർ നെൽവയലുകൾ ഉണ്ടായിരുന്നു എന്നതിന്റെ വിശദാംശങ്ങൾ കൃഷി വകുപ്പിൽ ലഭ്യമാണോ;

(ബി) ലഭ്യമാണെങ്കിൽ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 2015 വരെ എത്ര ഏക്കർ നെൽവയലുകളാണ് പരിവർത്തനം ചെയ്തതെന്ന് വിശദമാക്കുമോ;

## റബ്ബറിന്റെ വില തകർച്ച

1586. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07 വർഷം മുതൽ ഇതേ വരെയുള്ള ഓരോ വർഷവും സംസ്ഥാനത്തെ റബ്ബർ ഉല്പാദനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) റബ്ബറിന്റെ വിലത്തകർച്ച റബ്ബറിന്റെ ഉല്പാദനത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2006-07 വർഷം മുതൽ ഇതേ വരെയുള്ള ഓരോ വർഷവും സംസ്ഥാനത്തെ റബ്ബറിന്റെ ശരാശരി വില എത്രയായിരുന്നു;

(ഡി) റബ്ബറിന്റെ വില തകർച്ച സംസ്ഥാനത്തിന്റെ സമ്പത് വ്യസ്ഥയിൽ ഏത് തരത്തിലുള്ള പ്രശ്നങ്ങളാണ് സൃഷ്ടിച്ചത്; കൃഷിക്കാർക്ക് ഈ കാലയളവിൽ ഉണ്ടായ ശരാശരി നഷ്ടം വെളിപ്പെടുത്താമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ വരെ ഓരോ വർഷവും റബ്ബറിന്റെ വില തകർച്ച മൂലം പ്രയാസപ്പെട്ട റബ്ബർ കൃഷിക്കാരന് റബ്ബർ സംഭരണ ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര?

## പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം

1587. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) വർഷങ്ങളായി ഒഴിവുകൾ നികത്താത്തതിനാൽ സ്ഥാപനം പ്രതിസന്ധിയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## റബ്ബറിന്റെ വിലയിടിവ്

1588. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു കിലോ റബ്ബറിന്റെ വില എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഒരു കിലോ റബ്ബറിന്റെ വില എത്രയെന്ന് പറയാമോ;

(സി) റബ്ബറിന് വിലത്തകർച്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ചെറുകിട റബ്ബർ കർഷകർക്ക് പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

<u>കൽപ്പറ്റ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

1589. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൃഷി വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ ?

<u>കൃഷിവകുപ്പ് ഡയറക്ടറുടെ നിയമനം</u>

1590. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കൃഷിവകുപ്പ് ഡയറക്ടറെ നിയമിച്ചത് മന്ത്രിസഭാ തീരുമാനപ്രകാരമാണോ; എങ്കിൽ ഏതു മന്ത്രിസഭാ യോഗമാണ് തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം കൃഷിവകുപ്പ് ഡയറക്ടറുടെ നിയമനം എപ്രകാരമാണ്; നിലവിലുണ്ടായിരുന്ന ഡയറക്ടറെ ആ സ്ഥാനത്ത് നിന്നും മാറ്റാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പുതിയ ഡയറക്ടറുടെ പേരിൽ വകുപ്പുതലം, വിജിലൻസ്, ധനകാര്യപരിശോധന വിഭാഗം, എന്നിവരുടെ അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ആക്ഷേപങ്ങളുടെ പേരിലുള്ള അന്വേഷണമാണ് നടക്കുന്നത്;

(ഡി) ഏതെങ്കിലും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>നെൽകൃഷിയിലെ പ്രതിസന്ധി</u>

1591. ശ്രീ.പി.ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ
,, സി.മോയിൻ കുട്ടി

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളുടെ വിസ്തൃതി ക്രമാതീതമായി കുറയുന്നതുമൂലമുണ്ടാകുന്ന കാർഷിക, പാരിസ്ഥിതിക, സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ

(ബി) നെൽവയലുകളുടെ വിസ്തൃതി കുറയാനിടയാക്കിയ ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) വായ്പയെടുത്ത് നെൽകൃഷി ചെയ്യുന്ന കർഷകർ, തൊഴിൽ മേഖലയിലും, സാമ്പത്തിക മേഖലയിലും, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളുടെ കാര്യത്തിലും കടുത്ത പ്രതിസന്ധി നേരിടേണ്ടി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ?

## കാറ്റുവീഴ്ചയെ പ്രതിരോധിക്കാൻ കഴിയുന്ന തെങ്ങിൻ തൈകൾ

1592. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിനെ ക്ഷയിപ്പിക്കുന്ന കാറ്റു വീഴ്ചയെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനെ സംബന്ധിച്ച് സി.പി.സി.ആർ.ഐ സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) കാറ്റുവീഴ്ചയെ പ്രതിരോധിക്കാൻ കഴിയുന്ന തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ?

## പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

1593. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന പഴങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനി പ്രയോഗം കണ്ടുപിടിക്കുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളുന്നതിനും സർക്കാർ ഇപ്പോഴും നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഹോർട്ടികോർപ്പ് വഴി വിറ്റഴിക്കുന്ന പച്ചക്കറികളിലേയും പഴങ്ങളിലേയും കീടനാശിനി

പ്രയോഗം കണ്ടെത്തുന്നതിനുള്ള പരിശോധന നടത്താറുണ്ടോയെന്നും പരിശോധനയിൽ കീടനാശിനി പ്രയോഗം കണ്ടെത്തിയിട്ടുണ്ടോയെന്നും പറയാമോ?

കൃഷിവകുപ്പിൽ നടപ്പിൽ വരുത്താത്ത പദ്ധതികൾ

1594. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പിൽ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെന്ന് അറിയിക്കുമോ;

(സി) പദ്ധതികൾ ആരംഭിച്ചെങ്കിലും പൂർത്തീകരിക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് അറിയിക്കുമോ?

നെൽവയലുകളുടെ വിസ്തീർണ്ണം

1595. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളുടെ വിസ്തീർണ്ണം ഏറ്റവും ഒടുവിൽ തിട്ടപ്പെടുത്തിയതിൻ പ്രകാരമുള്ള സ്ഥിതി വിവരക്കണക്ക് , ജില്ല തിരിച്ച് ലഭ്യമാക്കാമോ;

നാളികേരത്തിന്റെ വിലയിടിവ്

1596. **ശ്രീ.കെ.രാധാകൃഷ്ണൻ**
**,, വി.ചെന്താമരാക്ഷൻ**
**,, പി.ടി.എ. റഹീം**
**,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിവരങ്ങൾ നല്കാമോ;

(സി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നമായ വെളിച്ചെണ്ണ കൂടാതെ മറ്റേതെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കാൻ സാധിച്ചുവെന്ന് അറിയിക്കാമോ;

(ഡി) ഇത് എത്രത്തോളം ഫലപ്രദമായിരുന്നുവെന്ന് അറിയിക്കാമോ;

(ഇ) ഈ ശ്രമങ്ങൾ ഫലപ്രദമായിരുന്നുവെങ്കിൽ വെളിച്ചെണ്ണയുടെ വിലയെ മാത്രം ആശ്രയിച്ചുള്ള സംസ്ഥാനത്തെ നാളികേര വിപണി ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാകുമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

## നാളികേരത്തിന്റെ വിലയിടിവ്

1597. ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
,, കെ.കെ.നാരായണൻ
,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇടത്തട്ടുകാരും കമ്പോളലോബിയുമാണ് ചില്ലറ വിൽപനവില നിശ്ചയിക്കുന്നത് എന്ന കാര്യം സർക്കാരിനറിയാമോ;

(സി) യഥാർത്ഥ കേരകർഷകർക്ക് ഉൽപാദനച്ചെലവിന് അനുസൃതമായ വില ലഭിക്കാത്ത സ്ഥിതിവിശേഷം ഒഴിവാക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രതിസന്ധി മറികടക്കുന്നതിൽ സർക്കാരിന്റെ വിപണി ഇടപെടൽ സംവിധാനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെ ഈ സാഹചര്യത്തിൽ വിലയിരുത്തുമോ?

## നാളികേരത്തിന്റെ വിലയിടിവ്

1598. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവ് മൂലം കർഷകർക്കുണ്ടാവുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന വ്യക്തമാക്കാമോ; നാളികേരം സംഭരിക്കുന്നതിൽ സർക്കാർ നിശ്ചയിച്ച വില

കർഷകർക്ക് ലഭ്യമാവുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കാർഷികോൽപന്ന വിലയിടിവ്</u>

1599. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യ നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകർ ഇപ്പോഴും കാർഷികോൽപന്ന വിലയിടിവ് നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>കർഷകർക്കുള്ള ആനുകൂല്യങ്ങൾ</u>

1600. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ ലഭ്യമാക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

<u>ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ</u>

1601. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഹോർട്ടികോർപ്പിന് ഓരോ വർഷവും അനുവദിച്ച തുക എത്രയായിരുന്നു;

(സി) അനുവദിക്കപ്പെട്ട തുകയിൽ എന്ത് തുക വീതം ഈ ഓരോ വർഷവും ഹോർട്ടികോർപ്പിന് നൽകി;

(ഡി) ഇങ്ങനെ നൽകിയ തുകയിൽ എന്ത് തുക വീതം ഹോർട്ടികോർപ്പ് ചെലവഴിച്ചുവെന്നറിയിക്കാമോ?

## കാർഷികോൽപന്നങ്ങളുടെ വിലയിടിവ്

1602. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, ഇ.പി.ജയരാജൻ
,, രാജു എബ്രഹാം
,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപന്നങ്ങളുടെ വിലയിടിവ് സംസ്ഥാനത്തെ കാർഷിക മേഖലയെ ഏതൊക്കെ തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബജറ്റിലൂടെ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എത്രകണ്ട് ഫലവത്തായി എന്നറിയിക്കാമോ;

(സി) സംഭരണ നടപടികളും വിലസ്ഥിരതാ പദ്ധതികളും നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സർക്കാർ പദ്ധതി പ്രഖ്യാപനങ്ങൾക്കിടയിലും റബ്ബർ അടക്കമുള്ള വിളകളുടെ വില ഇടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിലയിടിവിന്റെ പശ്ചാത്തലത്തിൽ കാർഷിക വിളകളുടെ വിസ്തൃതി, ഉൽപാദനം, ഉൽപാദനക്ഷമത, കർഷകന്റെ അവസ്ഥ എന്നിവ വിശദമാക്കാമോ?

## നാളികേരോൽപ്പന്നങ്ങൾ പ്രചരിപ്പിക്കാൻ നടപടി

1603. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിൽ നിന്നും ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2014-15-ലെ വാർഷിക വിറ്റുവരവ് എത്രയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ ബ്രാഞ്ചുകളോ റീട്ടെയിൽ ഔട്ട്ലെറ്റുകളോ അന്യസംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അന്യസംസ്ഥാന മാർക്കറ്റുകളിൽ നാളികേര ഉല്പന്നങ്ങൾ

വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>മണ്ണ്-ജല സംരക്ഷണ പദ്ധതികൾ</u>

1604. ശ്രീ.സി.പി.മുഹമ്മദ്

,, കെ.എസ്.ശബരീനാഥൻ

,, ലൂഡി ലൂയിസ്

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മണ്ണ്-ജലസംരക്ഷണ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>മാഞ്ഞാലി തോടിന്റെ പുനരുദ്ധാരണം</u>

1605. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മാഞ്ഞാലി തോടിന്റെയും കൈവഴിതോടിന്റെയും പുനരുദ്ധാരണത്തിനായി നിരവധി നിവേദനങ്ങളും പ്രൊജക്ട് റിപ്പോർട്ടുകളും സമർപ്പിച്ചിട്ടും ആയതിന്റെ നവീകരണത്തിനായി തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) മാഞ്ഞാലി തോടിന്റെ പുനരുദ്ധാരണത്തിനായി കൃഷി ഓഫീസുകൾ വഴി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>സോയിൽ കൺസർവേഷൻ വകുപ്പ മുഖേനയുള്ള പ്രവൃത്തികൾ</u>

1606. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജകമണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ വഴി കുട്ടനാട്

പാക്കേജിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ എന്തെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ഇതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഈ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) സോയിൽ കൺസർവേഷൻ വകുപ്പുവഴി നടപ്പാക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഇതിന്റെ നടപടികളുടെ പുരോഗതി എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

<u>ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോടിന്റെ സംരക്ഷണ നടപടികൾ</u>

1607. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ സംരക്ഷണ നടപടികൾ കെ.എൽ.ഡി.സി വഴി നടപ്പാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>കോഴിക്കോട് താലൂക്കിലെ നെൽവയൽ പരിവർത്തനം</u>

1608. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം കോഴിക്കോട് താലൂക്കിൽ നെൽവയലുകൾ മണ്ണിട്ട് നികത്തുന്നതും പരിവർത്തനം ചെയ്യുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിയമപ്രകാരം റിപ്പോർട്ടിങ്ങ് ഓഫീസർമാരായ കൃഷി ഓഫീസർമാർ പ്രസ്തുത വിവരം ആർ.ഡി.ഒ. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണവും, ഈ നിയമപ്രകാരം സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

<u>വികസന പ്രവർത്തനങ്ങൾ</u>

1609. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗ സംരക്ഷണ വകുപ്പ് മുഖേനയും, പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് എത്ര രൂപയുടെ പ്രവൃത്തികളാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ക്ഷീര മേഖല</u>

1610. **ശ്രീ.എം.ചന്ദ്രൻ**

**,, സി.കെ സദാശിവൻ**

**,, ബി.ഡി. ദേവസ്സി**

**,, കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ ലഭ്യതക്കുറവും വിലവർദ്ധനയും ക്ഷീര മേഖലയിലുണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചും വിശദീകരിക്കാമോ;

(ഡി) ക്ഷീരമേഖലയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പറയാമോ;

(ഇ) ക്ഷീരകർഷകരെ സഹായിക്കാനുള്ള പ്രഖ്യാപനങ്ങൾ കടലാസിലൊതുങ്ങിയതോടെ കർഷകരും ചെറുകിട ക്ഷീരസഹകരണ സംഘങ്ങളും പ്രതിസന്ധിയിലായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>വെറ്ററിനറി പോളി ക്ലിനിക്</u>

1611. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വെറ്ററിനറി പോളി ക്ലിനിക് ഇല്ലാത്തതിനാൽ കാഞ്ഞങ്ങാട്ടുള്ള മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വെറ്ററിനറി പോളി ക്ലിനിക്കായി എന്ന് കാഞ്ഞങ്ങാട് മൃഗാശുപത്രിയെ മാറ്റുമെന്ന് പറയാമോ?

<u>മൃഗസംരക്ഷണ വകുപ്പ് പുന:സംഘടന</u>

1612. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് പുന:സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലുള്ള പുന:സംഘടനയാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത വകുപ്പിലെ ഏതെങ്കിലും തസ്തികകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

<u>മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ</u>

1613. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്രവീതം തുക ബജറ്റിൽ വകയിരുത്തിയെന്ന് വിശദമാക്കാമോ;

(സി) പദ്ധതി ആരംഭിച്ചിട്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി</u>

1614. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി 2011 ന് ശേഷം മറ്റ് ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആവശ്യത്തിനായി എത്ര ഭൂമി നൽകിയിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇപ്രകാരം ഭൂമി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമിയുടെ വില തിട്ടപ്പെടുത്തി നഷ്ടപരിഹാരം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ലഭിച്ചുവെന്നും ആയതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(സി) വിതുര ജേഴ്സി ഫാമിന്റെ അധീനതയിൽ ഉള്ള 100 ഏക്കറോളം ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുത ഭൂമി വീണ്ടെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; എത്ര ഭൂമി വീണ്ടെടുത്തു എന്ന് പറയാമോ?

<u>വെറ്ററിനറി ഡിസ്പെൻസറികൾ</u>

1615. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വെറ്ററിനറി ആശുപത്രികളും വെറ്ററിനറി ഡിസ്പെൻസറികളും ഉണ്ട്; ഇവയിൽ എത്ര തസ്തികകളാണുള്ളത്; പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്രപേരാണ് സേവനം അനുഷ്ഠിക്കുന്നത്;

(ബി) ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; പ്രസ്തുത തസ്തികകൾ എപ്പോൾ നികത്തും ; ഇതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ;

(സി) വെറ്ററിനറി ഡോക്ടർമാർ ഇല്ലാത്ത പഞ്ചായത്തുകളിൽ പഞ്ചായത്ത്/ഡിപ്പാർട്ട്മെന്റ് കാലിത്തീറ്റ വിതരണ പദ്ധതികൾ താളം തെറ്റുകയും കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ വൈകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വെറ്ററിനറി ക്ലിനിക്ക്</u>

1616. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മൃഗസംരക്ഷണവകുപ്പ് മുഖേന മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വെറ്ററിനറി ക്ലിനിക്കുകളിലൂടെ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

കന്നുകുട്ടി പരിപാലന പദ്ധതി

1617. ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.ശശി
,, കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിച്ചത് എന്നുമുതലാണ്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2011-12 മുതൽ പദ്ധതിക്ക് അനുവദിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക യഥാസമയം ചെലവഴിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഗോവർദ്ധിനി പദ്ധതി

1618. ശ്രീ.ആർ . സെൽവരാജ്
,, വി.പി.സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കടുത്തുരുത്തി വെറ്ററിനറി പോളിക്ലിനിക്

1619. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്കിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന എഎച്ച്സി 2/9889/2013 ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത ഫയലിലെ നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) മൃഗസംരക്ഷണവകുപ്പ് പുതിയ പ്രപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>കന്നുകുട്ടിപരിപാലന പദ്ധതി</u>

1620. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ:

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി 2011-12 മുതൽ നാളിതുവരെ നീക്കിവച്ച തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ: വിശദാംശം ലഭ്യമാക്കാമോ;

(സി) പദ്ധതി പ്രകാരമുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവാക്കാത്തതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ജില്ലാ ഫാറം സ്റ്റോർ</u>

1621. **ശ്രീ.റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ ആസ്ഥാനത്ത് ജില്ലാ ഫാറം സ്റ്റോർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫാറം സ്റ്റോർ നടപ്പ സാമ്പത്തിക വർഷം തന്നെ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

<u>സ്റ്റേഷനറി പർച്ചേസ്</u>

1622. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റേഷനറി ഇനത്തിൽ എത്ര രൂപയുള്ള പർച്ചേയ്സ് നടത്തിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഓപ്പൺ ടെൻഡർ ഇല്ലാതെ ഏതെല്ലാം ഇനങ്ങൾ നേരിട്ട് പർച്ചേയ്സ് ചെയ്തിട്ടുണ്ട്; എങ്കിൽ കമ്പനികളുടെ പേര് സഹിതം വിശദവിവരം നൽകുമോ?

<u>അനധികൃത റിസോർട്ടുകൾ</u>

T 1623. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ പള്ളിവാസൽ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. നിർമ്മിച്ച റോഡിന് ഇരുവശവുമുള്ള മലനിരകളിൽ അനധികൃതമായി റിസോർട്ടുകൾ ഉൾപ്പെടെ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മലഞ്ചെരുവുകളിൽ നിയമ വിരുദ്ധമായി നിർമ്മാണ അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഇവിടെ നടക്കുന്ന നിർമ്മാണങ്ങൾ തടയണമെന്ന് മൂന്നാർ പഞ്ചായത്ത് സെക്രട്ടറിക്കd നിർദ്ദേശം നൽകിയിട്ടും ഫലമുണ്ടായില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

<u>പെർഫോർമൻസ് ആഡിറ്റ്</u>

1624. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലെ പെർഫോർമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;ഓഡിറ്റ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഓഡിറ്റ് സൂപ്പർവൈസറുടെ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ പദവിയിലേക്ക് ഉയർത്താനുള്ള നടപടിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അഡീഷണൽ സെക്രട്ടറി തസ്തികയാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഇ) പഞ്ചായത്ത് വകുപ്പ് ജീവനക്കാരെ കെ.പി.ഇ.പി.എഫ്. -ൽ നിന്നും ജി.പി.എഫ്.-ലേക്ക് മാറ്റാൻ തയ്യാറാകുമോ?

## കെ.എൽ.ജി.എസ്.ഡി. പ്രോജക്ട്

1625. ശ്രീ.സണ്ണി ജോസഫ്
,, എ.റ്റി.ജോർജ്
,, എം.എ. വാഹീദ്
,, ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എൽ.ജി.എസ്.ഡി. പ്രോജക്ട് മുഖേന ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ജനന മരണ രജിസ്ട്രേഷൻ

1626. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനനവും മരണവും രജിസ്റ്റർ ചെയ്യാൻ വൈകിയവർക്ക് അത് രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ ആർ ഡി ഒ യുടെ അനുമതിയോടെ മാത്രമേ രജിസ്റ്റർ ചെയ്യാവൂ എന്ന വ്യവസ്ഥ മൂലം അപേക്ഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിണ്ടോ;

(സി) ജനന മരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യാത്തവർക്ക് വില്ലേജ്, താലൂക്ക്, ആർ ഡി ഒ, ഓഫീസുകളിൽ ഹിയറിംഗം കഴിഞ്ഞശേഷം മാത്രം രജിസ്ട്രേഷന് അനുമതി നൽകുന്നതിലെ ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുന്നതിന് നടപടിക്രമം ലഘൂകരിച്ചിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

## ജനന മരണ രജിസ്റ്ററുകൾ

1627. ശ്രീ.കെ.ബി.ഗണേഷ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന മരണ രജിസ്റ്ററുകൾ കാലപ്പഴക്കം മൂലവും അല്ലാതെയും നശിച്ച് പോവുകയും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കാതെവരികയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരിഹാരമായി സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കലാഗ്രാമം

1628. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിൽ ഒരു കലാഗ്രാമം സ്ഥാപിക്കുന്നതാണ് എന്ന 2013 - 14 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലാണ് കലാഗ്രാമം സ്ഥാപിക്കപ്പെട്ടത് എന്നറിയിക്കാമോ?

കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്

1629. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ശമ്പളത്തിൽ നിന്നും പിടിച്ചെടുത്ത തുക ഫണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാതെ കിടക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) സോഫ്റ്റ് വെയറിലെ അപാകത കാരണം ഓഫീസ് പ്രവർത്തനം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കാനും, കെ.പി.ഇ.പിഎഫ്. അക്കൗണ്ടിൽ വന്ന തുകകൾ ക്രഡിറ്റ് ചെയ്യാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) സോഫ്റ്റ് വെയറിന്റെ അപാകതകൾ പരിഹരിയ്ക്കുന്നതുവരെ പഴയ രീതിയിൽ ക്രഡിറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ആശ്രയ പദ്ധതി

1630. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 'ആശ്രയ' പദ്ധതി പ്രകാരം ഓരോ വർഷവും എത്ര വീടുകൾ നിർമ്മിച്ച നൽകാൻ സാധിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഈ ഓരോ വർഷവും പദ്ധതിയുടെ നടത്തിപ്പ് ഏജൻസികൾക്ക് എന്ത് തുക വീതം അനുവദിച്ചു എന്നറിയിക്കാമോ;

(സി) ഇവയിൽ ഓരോ വർഷവും എന്ത് തുക വീതം ചെലവഴിക്കപ്പെട്ടു വെന്നറിയിക്കാമോ?

<u>പൊതു ശൗചാലയങ്ങൾ</u>

1631. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്തുകളിൽ നിർമ്മിച്ച പൊതു ശൗചാലയങ്ങളുടെ കണക്ക് ലഭ്യമാണോ; വെളിപ്പെടുത്തുമോ;

(ബി) പൊതുജനങ്ങൾക്ക് അടിസ്ഥാന ആവശ്യം സൗജന്യമായി നിർവ്വഹിക്കുന്നതിന് പാതയോരങ്ങളിൽ ഇവ നിർമ്മിച്ച് നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെങ്കിലും പൊതു ശൗചാലയങ്ങൾ ആവശ്യാനുസരണം നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഗ്രാമ പഞ്ചായത്തുകളിലെ ആധുനിക ശ്മശാനം</u>

1632. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ലെക്കിടി പേരൂർ, പൂക്കോട്ടുകാവ്, അമ്പലപ്പാറ എന്നീ ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി ആധുനിക ശ്മശാനം എവിടെയാണ് നിർമ്മിക്കുന്നത്;

(ബി) എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയത്;

(സി) ശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലികസ്ഥിതി വിശദീകരിക്കാമോ?

<u>തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ്</u>

1633. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിങ് ജീവനക്കാരുടെ കുറവ് നികത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## പദ്ധതി ചെലവ്

1634. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം 31.12.2015 വരെ ചെലവഴിച്ചിട്ടുണ്ട്;

(ബി) നടപ്പു സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ മുഴുവൻ തുകയും ചെലഴിക്കുന്നതിന് കഴിയുമോയെന്നറിയിക്കുമോ;

(സി) പുതിയ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർ, അംഗങ്ങൾ എന്നിവർക്ക് ഇതു സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

## മാതൃകാ അംഗൻവാടി പദ്ധതി

1635. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അംഗൻവാടി പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; സംസ്ഥാനത്ത് ആകെ എത്ര മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളതെന്നും ഇതിൽ എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) മാതൃകാ അംഗൻവാടികൾ തുടങ്ങുന്നതിനുള്ള മാനദണ്ഡം എന്തെന്നും ഇതിനായി കേന്ദ്ര സർക്കാർ ഫണ്ട് ലഭിക്കുന്നുണ്ടോയെന്നും എങ്കിൽ എത്ര ശതമാനം വിഹിതമാണ് ലഭിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) മാതൃകാ അംഗൻവാടികളിലെ ജീവനക്കാരും, മറ്റ് അംഗൻവാടികളിലെ ജീവനക്കാരും തമ്മിൽ എന്തെങ്കിലും വ്യത്യാസം നിർവ്വചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പദ്ധതി വിഹിതത്തിന്റെ ചെലവ്

1636. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നിർവ്വഹണ കാലാവധി തീരുന്നതിനുമുമ്പ് പദ്ധതി പൂർത്തികരണത്തിനായി സർക്കാർ തലത്തിൽ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക കുറയുന്നത് അധികാരവികേന്ദ്രീകരണത്തെ ദുർബലപ്പെടുത്താൻ ഇടയാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ;വ്യക്തമാക്കാമോ ?

## ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം

1637. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യാത്തവരുടെ പേരിൽ പണം എഴുതി വാങ്ങൽ, പദ്ധതി നിർവ്വഹണങ്ങളിലെ കെടുകാര്യസ്ഥത തുടങ്ങിയവ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ത്രിതല പഞ്ചായത്തുകൾക്ക് മതിയായ ജീവനക്കാരെ അനുവദി ക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുമോ?

## ത്രിതല പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതി

1638. **ശ്രീ.വർക്കല കഹാർ**
**,, അൻവർ സാദത്ത്**
**,, ഹൈബി ഈഡൻ**
**,, എ.പി.അബ്ദുള്ളക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശം

1639. ശ്രീ.കെ.ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

1640. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും വകയിരുത്തപ്പെട്ടത് എത്ര വീതമായിരുന്നു;

(ബി) ഓരോ വർഷവും തദ്ദേശ സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്ന് പിൻവലിച്ചതും യഥാർത്ഥത്തിൽ ചെലവഴിച്ചതും എത്ര രൂപ വീതമായിരുന്നു; വകയിരുത്തിയതിന്റെ എത്ര ശതമാനം വീതം ഓരോ വർഷവും പിൻവലിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്;

(സി) മേൽ പറഞ്ഞ കാലയളവിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചതും ഇപ്പോഴും ട്രഷറിയിൽ വിവിധ അക്കൗണ്ടുകളിലായി കിടക്കുന്നതുമായ മൊത്തം തുക എത്രയാണ്;

(ഡി) 2016-17 വർഷത്തിൽ തദ്ദേശസ്ഥാപനങ്ങൾക്കുള്ള വിഹിതം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; അത് കണക്കാക്കപ്പെട്ട സംസ്ഥാന പദ്ധതിയുടെ എത്ര ശതമാനം വരും; മേൽ പറഞ്ഞ മുൻവർഷങ്ങളിൽ കണക്കാക്കപ്പെട്ട സംസ്ഥാന പദ്ധതി തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പിൻവലിച്ച് ചെലവഴിക്കുകയുണ്ടായി?

## കക്കാട് പി.എച്ച്.സി-ഓ.പി ബ്ലോക്ക് നിർമ്മാണം

1641. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി-ഓ.പി ബ്ലോക്ക് നിർമ്മാണത്തിനായി എം.എൽ.എ എസ്.ഡി.എഫിൽ നിന്നും 25 ലക്ഷം രൂപ വകയിരുത്തി 2007ൽ നിർമ്മാണം ആരംഭിച്ചുവെങ്കിലും നാളിതുവരെയായിട്ടും നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ തടസ്സങ്ങൾ നീക്കി നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീമതി ഡോളി കെ. ജോർജിന് സർവ്വീസിലുള്ള മൂന്നാമത്തെ ഗ്രേഡ്</u>

1642. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14.02.1990 ൽ ജോലിയിൽ പ്രവേശിച്ച് 30.11.2013 സി.ഡി.പി.ഒ ആയി റിട്ടയർ ചെയ്ത ശ്രീമതി ഡോളി കെ. ജോർജിന് സർവ്വീസിലുള്ള മൂന്നാമത്തെ ഗ്രേഡ് ലഭിക്കുന്നതിനായി 22.04.2014 ന് സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഡയറക്ടർ എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് എ.ജി. 24.01.2014 ലെ ജി.ഇ 18/ഇ/എസ്.ഡബ്ല്യൂ/2013-14/9951 കത്ത് മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ശ്രീമതി ഡോളി ജോർജിന് അർഹതപ്പെട്ട മൂന്നാമത്തെ ഗ്രേഡ് നൽകുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഗ്രേഡ് നൽകുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

<u>നിർഭയ പദ്ധതി</u>

1643. ശ്രീ.വി.ഡി.സതീശൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും

സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

1644. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പഞ്ചായത്ത് വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതികൾക്കും നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെയും കണക്ക് ലഭ്യമാക്കുമോ?

അനധികൃത കശാപ്പുശാലകൾ

1645. ശ്രീ.തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ അനധികൃത കശാപ്പുശാലകൾ നിർത്തലാക്കുന്നതിനും അംഗീകൃത കശാപ്പുശാലകളുടെ പ്രവർത്തന നിലവാരം ഉറപ്പുവരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) ആധുനിക രീതിയിലുള്ള കശാപ്പുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ ആധുനിക കശാപ്പു ശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജൻഡർ പാർക്ക്

1646. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീരക്ഷ, സ്ത്രീ ശാക്തീകരണം എന്നീ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ ജില്ലാപഞ്ചായത്ത് നിർമ്മിച്ച ജൻഡർ പാർക്ക് എന്നാണ് നാടിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ജൻഡർ പാർക്കിൽ വിഭാവനം ചെയ്ത എതെങ്കിലും പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

(സി) പ്രസ്തുത സ്ഥാപനത്തിന്റെ മേൽ നോട്ടത്തിനായി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടനയും അധികാരങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(ഡി) ജില്ലാ പഞ്ചായത്തോ മാനേജ്മെന്റ് കമ്മറ്റിയോ ഇതു നേരിട്ടു നടത്തിയാൽ അതിനാവശ്യമായ ചെലവ് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; യൂസേഴ്സ് ഫീ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) ജൻഡർ പാർക്ക് വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനായി ഏതെങ്കിലും സംഘങ്ങൾ ജില്ലാ പഞ്ചായത്തിന് കത്തു നൽകിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലും അധികാരത്തിലും നിലനിർത്തി കൊണ്ട് ജില്ലാപഞ്ചായത്ത് രൂപീകരിക്കുന്ന മാനേജ്മെന്റ് കമ്മിറ്റിയുടെ നിബന്ധനയ്ക്കും നിരീക്ഷണത്തിനും വിധേയമായി ഉത്തരവാദിത്വമുള്ള ഏതെങ്കിലും സന്നദ്ധ - സഹകരണ - സംഘങ്ങളെ ഏൽപ്പിച്ചു കൊടുത്ത് പ്രവർത്തനങ്ങൾ നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>വെങ്ങോല ലാലുതോമസ് ലൈബ്രറി കെട്ടിടം</u>

1647. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എം.എൽ.എ.ഫണ്ട്, ആസ്തി വികസന സ്കീം മുതലയാവയിൽ നിന്നും തുക അനുവദിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ. ഫണ്ടിൽ നിന്നും 5,60,000 രൂപ അനുവദിച്ച (F3-66312/15)വെങ്ങോല ഗ്രമപഞ്ചായത്തിലെ ലാലുതോമസ് ലൈബ്രറി കെട്ടിട നിർമ്മാണം തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി ലഭിച്ചശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) വായനശാല ഭാരവാഹികൾ സ്ഥലത്തിന്റെ രേഖകളും അഫിലിയേഷൻ

സർട്ടിഫിക്കറ്റിന്റെ പകർപ്പും സമർപ്പിച്ചിട്ടുണ്ടോ;

(ഇ) നിർവ്വഹണ ഉദ്യോഗസ്ഥർ കളക്ടർക്കോ വായനശാലാ ഭാരവാഹികൾക്കോ കത്തുകൾ നൽകിയിട്ടുണ്ടോ; പ്രസ്തുത കത്തുകളുടെ കോപ്പി എം.എൽ.എ.ക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) ടെണ്ടർ നടപടികളോ ഗുണഭോക്തൃസമിതി രൂപവൽക്കരണമോ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) അനാവശ്യ തടസ്സങ്ങൾ സൃഷ്ടിച്ച് എം.എൽ.എ. ഫണ്ടിന്റെ വിനിയോഗം താമസിപ്പിച്ച നിർവ്വഹണ ഉദ്യോഗസ്ഥരുടെ തെറ്റായ നടപടികൾ അന്വേഷിച്ച് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; എം.എൽ.എ. നിർദ്ദേശിച്ച് കളക്ടർ ഭരണാനുമതി നൽകിയിട്ടും പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>കുടുംബശ്രീ</u>

1648. ശ്രീ.കെ.രാധാകൃഷ്ണൻ

,, എസ്.ശർമ്മ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യം വച്ച് 2015-16-ൽ കുടുംബശ്രീ വഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നറിയിക്കുമോ;

(സി) ആയത് ലക്ഷ്യമിട്ടത് എന്തൊക്കെയാണെന്നും അവ നേടാനായോ എന്നും വ്യക്തമാക്കാമോ ;

(ഡി) കുടുംബശ്രീ സി.ഡി.എസുകൾക്ക് നൽകാനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) കുടുംബശ്രീയുടെ എല്ലാ പ്രവർത്തനങ്ങളും ജെൻഡർ ഓഡിറ്റിംഗിനു വിധേയമാക്കുമോ എന്നറിയിക്കുമോ?

<u>കുടുംബശ്രീ ശാക്തീകരണം</u>

1649. **ശ്രീ.വി.പി.സജീന്ദ്രൻ**

**,, കെ.എസ്.ശബരീനാഥൻ**

**,, എം.എ. വാഹീദ്**

**,, പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് 'കുടുംബശ്രീ'യെ ശാക്തീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ആയതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

<u>കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിലെ ഒഴിവുകൾ</u>

1650. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ്, ഹെഡ്ക്ലർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ ക്ലർക്ക്, ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ്, ഡ്രൈവർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് 1,2,3 എന്നിവയിൽ എത്ര തസ്തികകൾ ഉണ്ടെന്നും ഇവയിൽ ഇപ്പോൾ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രകാലമായി ഈ അവസ്ഥയിൽ തുടരുന്നുവെന്നും ഈ തസ്തികകൾ എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിൽ ചെലവഴിച്ച തുക</u>

1651. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

<u>മാവേലിക്കര മണ്ഡലത്തിലെ ആസ്തി വികസനം</u>

1652. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. മുഖാന്തിരം എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

1653. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം ജി.എൻ ആർ ഇ ജി എസ്-ൽ 5 വർഷം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ ജീവനക്കാർക്ക് ബാധകമായ വേതന നിരക്കുകൾ പ്രസ്തുത ജീവനക്കാർക്ക് നൽകുന്നത് പരിഗണിക്കുമോ ?

<u>ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

1654. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ് എന്ന 2012-13 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) ശുചിത്വ മിഷൻ വഴി നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലാണ് ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇതിനായി ശുചിത്വ മിഷൻ എന്ത് തുക ചെലവഴിച്ചുവെന്നറിയിക്കാമോ?

<u>പാലിയേറ്റീവ് കെയർ ആമ്പുലൻസ്</u>

1655. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റിന് ആമ്പുലൻസ് വാങ്ങുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) അനുമതി നൽകുന്നതിന് കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

<u>പ്ലാസ്റ്റിക് മാലിന്യപ്രശ്നപരിഹാരത്തിനു കരാർ</u>

T 1656. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിഭവങ്ങളും കുടിവെള്ളവും വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് കണ്ടെയിനറുകളും കുപ്പികളും തിരിച്ചെടുക്കുന്ന കാര്യത്തിൽ ഏതെങ്കിലും കമ്പനികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രശ്നം സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശുചിത്വമിഷൻ</u>

1657. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ശുചിത്വമിഷൻ വഴി നടത്താവുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഇതുവരെ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾക്കായി ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സഹായത്തിനു പുറമെ ഇതുവരെ സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചുവെന്നും അതിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

<u>അയൽക്കൂട്ടം</u>

1658. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തീരാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള അയൽക്കൂട്ടം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; അയൽക്കൂട്ടം തിരഞ്ഞെടുക്കേണ്ട സമിതികളുടെ എണ്ണം, അംഗങ്ങളുടെ സവിശേഷത എന്നിവയുടെ പ്രത്യേകം മാനദണ്ഡമോ മാർഗ്ഗനിർദ്ദേശമോ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>പ്രവാസികൾക്ക് സമ്മതിദാനം വിനിയോഗിക്കാൻ പദ്ധതി</u>

1659. ശ്രീ.ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളിൽ പ്രവാസി കേരളീയർക്ക് സമ്മതിദാനം വിനിയോഗിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കേന്ദ്രാവിഷ്കൃത ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ</u>

1660. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിൽ സമ്പൂർണ്ണമായും കേന്ദ്രസഹായത്തോടെയുള്ളതും ഭാഗികമായുള്ളതും ഏതെല്ലാമാണെന്നും ഓരോ പദ്ധതിയും ഏതുഘട്ടംവരെ പൂർത്തിയാക്കിയെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) കേന്ദ്രത്തിൽ എൻഡിഎ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ഏതെങ്കിലും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ?

<u>തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ടു വിനിയോഗം</u>

1661. ശ്രീ.കെ.എൻ.എ.ഖാദർ
,, റ്റി.എ.അഹമ്മദ് കബീർ
,, എൻ .എ.നെല്ലിക്കുന്ന്
,, വി.എം.ഉമ്മർ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വികസനക്കാര്യത്തിൽ വികേന്ദ്രീകൃത ആസൂത്രണവും പ്രവർത്തനവും നടത്തേണ്ട തദ്ദേശസ്ഥാനങ്ങൾ, ഫണ്ട് ലഭ്യമായിട്ടും ഫലപ്രദമായി അതു വിനിയോഗിക്കാതിരിക്കുന്നതിന്റെ പശ്ചാത്തലം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിച്ച് ഫണ്ട് വിനിയോഗം ഫലപ്രദമായി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ അപര്യാപ്തത

1662. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ വികേന്ദ്രീകരണത്തിന്റെ ഫലമായി നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കാൻ നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന എന്തെല്ലാം നടപടികളാണ് ശമ്പളകമ്മീഷൻ ശിപാർശ ചെയ്തിരുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ശിപാർശകളോടുള്ള സമീപനം വ്യക്തമാക്കുമോ?

## വൃദ്ധജനങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ

1663. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ വയോമിത്രം ഓഫീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വൃദ്ധസദനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) വൃദ്ധസദനങ്ങളുടെ നടത്തിപ്പ്, സേവനങ്ങൾ, ഗുണനിലവാരം എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നും ഓരോ ജില്ലയിലും സ്വകാര്യ-സർക്കാർ മേഖലയിൽ എത്ര വൃദ്ധസദനങ്ങളുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഗ്രാമപഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കൽ</u>

1664. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ;

(ബി) വാഹനമുള്ള മുഴുവൻ പഞ്ചായത്തുകൾക്കും സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിക്കപ്പെടാത്തത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്വന്തമായി വാഹനമുള്ള എത്ര പഞ്ചായത്തുകളിൽ സ്ഥിരം ഡ്രൈവർ തസ്തിത സൃഷ്ടിച്ചിട്ടുണ്ടെന്നും ഇല്ലെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) അർഹതപ്പെട്ട എത്ര പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിച്ചിട്ടില്ലെന്ന് അറിയിക്കുമോ;

(ഇ) ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിച്ചാൽ ഖജനാവിന് ബാധ്യതയാകുമെന്ന് കരുതുന്നുണ്ടോ; തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പഞ്ചായത്തിലെ ജീവനക്കാർക്കും മറ്റ് വകുപ്പുകളിലെ ജീവനക്കാർക്കും ഒരേ സർവ്വീസ് ചട്ടം തന്നെയാണോ ഉള്ളത്; വ്യത്യാസം ഉണ്ടെങ്കിൽ വിശദമാക്കാമോ; ചട്ടം ഏകീകരിക്കുമോ?

<u>മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്കുള്ള ഫണ്ട്</u>

1665. **ശ്രീ.പി.ബി. അബ്ദുൾ റസാക്**

**,,** എൻ. ഷംസുദ്ദീൻ

**,,** സി.മോയിൻ കുട്ടി

**,,** എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്ക് പ്രത്യേകം ഫണ്ട് നൽകിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷം നൽകിയ ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പരിശോധനയോ അവലോകനമോ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ അവലോകനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആയതിന്റെ വിനിയോഗം സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## ക്ഷേമ പെൻഷനുകൾ

1666. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ടോ; കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്നറിയിക്കാമോ?

## ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

1667. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് അനാഥാലയങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ബോർഡിന്റെ ചെയർമാനെതിരെ ബോർഡംഗങ്ങൾ അവിശ്വാസം ഉന്നയിച്ചിട്ടുണ്ടോ; ബഹുഭൂരിപക്ഷം അംഗങ്ങളും ചെയർമാനിൽ അവിശ്വാസം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചെയർമാനെ മാറ്റി പ്രശ്നപരിഹാര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഷീ-ടാക്സി പദ്ധതി

1668. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷീ-ടാക്സി പദ്ധതി പ്രകാരം വാഹനം വാങ്ങുന്നതിന് വായ്പ ലഭ്യമാക്കുന്നത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വായ്പ നൽകുന്നത് ഏതു പലിശനിരക്കിലാണ്;

(സി) ഇതിന്റെ സംരംഭകർക്ക് വായ്പാ തിരിച്ചടവിൽ സബ്സിഡി ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പ് പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലാണോ എന്ന് വ്യക്തമാക്കാമോ?

## വയോ മിത്രം പദ്ധതി

1669. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ് പാക്കുന്നവയോ മിത്രം പദ്ധതിഎല്ലാ നഗരസഭകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും വ്യാപിപ്പിക്കുന്നതാണ് എന്ന 2012-13 ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയോ എന്നറിയിക്കാമോ;

(ബി) ആകെയുള്ള നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും എത്രയിടത്താണ് ഈ പദ്ധതി വ്യാപിപ്പിക്കാൻ കഴിഞ്ഞത് എന്നറിയിക്കാമോ;

(സി) അവ ഏതെല്ലാമാണെന്നറിയിക്കാമോ?

## വീ കെയർ പദ്ധതി

1670. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ വീ കെയർ പദ്ധതി പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി ഫണ്ട് സ്വരൂപിക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ എത്ര തുക സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടത്; പ്രസ്തുത ഫണ്ടിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഫണ്ടു ശേഖരിച്ചു നൽകിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരു വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2015 ഏപ്രിൽ 1 മുതൽ 2016 ജനുവരി 31വരെ സ്വരൂപിച്ച ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## കേരള വനിതാ വികസന കോർപ്പറേഷൻ

1671. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ വനിതാ വികസനത്തിനും ക്ഷേമത്തിനുമായി കേരള വനിതാ

വികസന കോർപ്പറേഷന് അനുവദിച്ച ധനസഹായം എത്രകോടിരൂപയാണ്; വിശദമാക്കാമോ ;

(ബി) നാളിതുവരെയായി ചെലവഴിക്കാതെ, ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുകയുടെ വിശദവിവരം അറിയിക്കുമോ ;

(സി) കോർപ്പറേഷൻ വഴി തൊഴിലധിഷ്ഠിത വനിതാ വ്യവസായ യൂണിറ്റുകൾക്ക് വിതരണം ചെയ്ത ധനസഹായത്തിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം വെളിപ്പെടുത്താമോ?

<u>വയോജന സംരക്ഷണ പദ്ധതി</u>

T 1672. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന സംരക്ഷണ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര വയോജനങ്ങൾക്ക് വേണ്ടി എത്ര തുക ഇതിനകം ചെലവഴിച്ചു; വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 80 വയസിന് മുകളിൽ പ്രായമുള്ള, സംരക്ഷിക്കുവാൻ ആരും ഇല്ലാത്ത എത്ര വയോജനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>വയോജന സംരക്ഷണം</u>

1673. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരാലംബരായ വയോജനങ്ങളുടെയും മക്കൾ ഉണ്ടായിട്ടും സംരക്ഷിക്കപ്പെടാത്ത വയോജനങ്ങളുടെയും സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെയായി ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൃദ്ധരായ മാതാ പിതാക്കളെ സംരക്ഷിക്കാത്തതിന്റെ പേരിൽ എത്ര മക്കൾക്കെതിരെ കേസെടുത്തിട്ടുണ്ട്; എത്ര പേരുടെ സ്വത്തുവകകൾ കണ്ടുകെട്ടിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നിയമനടപടികൾ കർശനമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>വയോജന സംരക്ഷണം</u>

1674. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സാധിക്കാത്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വനിതാ കമ്മീഷന് അനുവദിച്ച ധനസഹായം

1675. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ , കേരള വനിതാ കമ്മീഷന് സർക്കാർ അനുവദിച്ച ധനസഹായം എത്ര കോടി രൂപയാണ്; വിശദമാക്കാമോ;

(ബി) അനുവദിച്ച തുകയിൽ ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ചേർന്ന അദാലത്തുകൾ എത്ര; അദാലത്തുകളിൽ വന്നിട്ടുള്ള ശിപാർശകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഓരോ അദാലത്തുകൾക്കും ചെലവായ തുകയുടെ കണക്ക് ലഭ്യമാക്കാമോ?

ക്ഷേമ പെൻഷൻ കുടിശ്ശിക

T 1676. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പദ്ധതികളുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒരു മാസം ക്ഷേമ പെൻഷനുകൾ നല്കാൻ എന്ത് തുക ആവശ്യമാണ്;

(ബി) ഏതെല്ലാം ക്ഷേമപെൻഷനുകൾ എല്ലാ മാസവും യഥാസമയം നല്കുവാൻ സാധിച്ചിട്ടുണ്ട്;

(സി) എത്ര പേർക്ക് അർഹമായ എത്ര കോടി രൂപയുടെ ക്ഷേമപെൻഷനുകൾ 2016 ജനുവരി 30ന് കുടിശ്ശികയായുണ്ടായിരുന്നു;

(ഡി) നിലവിൽ എത്ര പേർക്കുള്ള എത്ര മാസത്തെ പെൻഷനുകൾ കുടിശ്ശിക ആയിട്ടുണ്ട്; മൊത്തം കുടിശ്ശിക തുക എത്രയാണ്;

(ഇ) ക്ഷേമപെൻഷനുകൾ എല്ലാം മാസവും 15-ാം തീയതിക്ക് മുമ്പ് ബാങ്ക്/ പോസ്റ്റാഫീസ് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചിട്ടിട്ടുണ്ടോ; നിലവിലുള്ള മൊത്തം കുടിശ്ശിക എന്നത്തേക്ക് നൽകാനാകും;

(എഫ്) യഥാസമയം ക്ഷേമപെൻഷനുകൾ നൽകാതെ കുടിശ്ശികയാകുന്നത് നല്കുന്നതിന് ജില്ലകളിൽ മേളകൾ നടത്താൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ ?

## ക്ഷേമ പെൻഷനുകൾ

T 1677. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ നിലവിൽ ഏതെല്ലാമാണ്; പെൻഷൻ തുക എത്രയാണ്; ഓരോ പെൻഷനും അർഹതപ്പെട്ടവരുടെ എണ്ണം എത്രയാണ്;

(ബി) ക്ഷേമ പെൻഷനുകൾക്കെല്ലാം കൂടി അർഹതയുള്ളവരുടെ ആകെ എണ്ണം എത്ര;

(സി) ഓരോ ക്ഷേമ പെൻഷനും ഏന്നു മുതലാണ് കുടിശ്ശികയായിട്ടുള്ളത് ; കുടിശ്ശിക മുഴുവൻ നല്കുന്നതിന് ആകെ എന്ത് തുക ആവശ്യമായി വരും;

(ഡി) 2016-17 വർഷത്തിൽ ക്ഷേമ പെൻഷനുകൾ എല്ലാം നല്കുന്നതിന് ആകെ എന്ത് തുക ആവശ്യമായി വരും; പ്രസ്തുത പെൻഷനുകൾ ഉപഭോക്താവിന് നല്കുന്നത് ഏതെല്ലാം രീതികളിലാണ്?

## ക്ഷേമ പേൻഷനുകളിലെ കുടിശ്ശിക

1678. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ക്ഷേമ പെൻഷൻ പദ്ധതികളിലുമായി 2015 ഡിസംബർ 31 വരെ എത്ര തുക കു ടിശ്ശിക ഗുണഭോക്താക്കൾക്ക് നൽകാനുണ്ട് എന്നത് സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ക്ഷേമ പെൻഷനുകൾ യഥാസമയം കൊടുത്തു തീർക്കാനാവാതെ വന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അവ യഥാസമയം കൊടുക്കാൻ വൈകിയ സാഹചര്യം വിശദീകരിക്കാമോ?

## ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ഓണറേറിയം

1679. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ ടീച്ചർമാരുടെ ഓണറേറിയം ഏഴായിരം രൂപയിൽ നിന്നും 15000/- രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്ററുകളിലെ ആയമാർക്കുള്ള 3600 രൂപ ഓണറേറിയം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ

1680. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂളുകൾക്ക് ഇപ്പോൾ നിലവിലുള്ള എല്ലാ ഉത്തരവുകളും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾക്കും ബാധകമാക്കാൻ തയ്യാറാകുമോ;

(ബി) 17 വർഷമായി ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ ഇപ്പോൾ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളായി സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത സെന്ററുകളിലെ ടീച്ചർമാർക്ക് സീനിയോറിറ്റിയും യോഗ്യതയും കണക്കിലെടുത്ത് നിയമാനുസൃതമായ ശമ്പളം/അലവൻസ്/ഓണറേറിയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇവരിൽ യോഗ്യതയുള്ള ടീച്ചർമാരെ പഞ്ചായത്തുകളിലെ ശിശു വിഹാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയതു പോലെ സ്ഥിര നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ ഓണറേറിയം

1681. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിൽ ജോലി ചെയ്തുവരുന്ന വർക്കർമാർക്കും ആയ-കം-കുക്കമാർക്കും ലഭ്യമാകുന്ന ഓണറേറിയം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) വളരെയേറെ ജോലിഭാരമുള്ള ഇവർക്ക് ലഭിക്കുന്ന ഓണറേറിയം തീരെ കുറവാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

പുതിയ അംഗൻവാടികൾ

1682. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തിക്കര ഐ.സി.ഡി.എസ്. ഓഫീസിന്റെ പരിധിയിൽ പുതുതായി എത്ര അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവെന്നും ആയത് ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത ഐ.സി.ഡി.എസ്. ഓഫീസിന്റെ പരിധിയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അറിയിക്കുമോ?

## ആശ്രയ-സങ്കേതം

1683. **ശ്രീമതി.പി.** അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥമന്ദിരങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽപ്പെട്ട കലയപുരം 'ആശ്രയ-സങ്കേത'ത്തിലെ അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശയിൽ (DSJ/0/682/15/dt 30/6/15)സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

## വയോജന നയം

1684. **ശ്രീ.**കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന നയം പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നയത്തിൽ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) വയോജനങ്ങൾക്കായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ഏകോപനത്തിന്റെ അപര്യാപ്തതമൂലം നടപ്പാക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമോ?

## മംഗല്യ സഹായ നിധി

1685. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗല്യ സഹായ നിധി പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഇതിനായി ഫണ്ട് സ്വരൂപിയ്ക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഇതിലേയ്ക്കായി ഏതെങ്കിലും ലോട്ടറി നടപ്പിലാക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

## ആശ്വാസ കിരണം പദ്ധതി

1686. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ സഹായ ധനം ലഭിക്കുന്നതിന് ലഭിച്ച എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ട്;

(സി) ആശ്വാസം കിരണം പദ്ധതി പ്രകാരമുള്ള സഹായ ധനം ലഭിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## ജവഹർ ബാലഭവൻ ജീവനക്കാരുടെ ശമ്പളം

1687. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജവഹർ ബാലഭവൻ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) സർക്കാർ ഗ്രാന്റ് യഥാസമയം അനുവദിച്ച് നൽകാത്തതു മൂലം ജവഹർ ബാലഭവൻ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജവഹർ ബാലഭവൻ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകാൻ ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ?

<u>സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി</u>

1688. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ആരംഭിച്ചത് എന്നാണ്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവന്ന സ്കൂൾ കൗൺസിലർമാർക്ക് വിടുതൽ ഉത്തരവ് നൽകാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത സ്കൂൾ കൗൺസിലർമാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) നിലവിലെ രീതിയിൽ സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി തുടങ്ങുന്നതിൽ അപാകതയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>സന്ദേശ് വൺ പദ്ധതി</u>

1689. **ശ്രീ.എ. കെ. ശശീന്ദ്രൻ**
**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ , 'സന്ദേശ് വൺ' എന്ന പദ്ധതിപ്രകാരം വനിതാ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) സംരംഭകർക്ക് അനുവദിക്കുന്ന വായ്പകളും, വായ്പ തുകയും ഇവർക്ക് നൽകുന്ന വിദഗ്ധ പരിശീലനത്തിന്റെ വിശദവിവരങ്ങളും വ്യക്തമാക്കാമോ;

(സി) പരിശീലനത്തിന് ഫീസ് ഈടാക്കുന്നുണ്ടോ;എങ്കിൽ എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ ഓരോരുത്തരിൽ നിന്നും ഈടാക്കുന്നത് എന്നും വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് നൽകുന്ന വായ്പകൾക്ക് എന്തു ജാമ്യമാണ് കോർപ്പറേഷൻ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>സാമൂഹ്യ നീതി വകുപ്പിൻെറ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1690. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ ഒന്നു മുതൽ 2016 ജനുവരി 31വരെയുള്ള കാലയളവിൽ സാമൂഹ്യ നീതി വകുപ്പ് വഴി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; അനുവദിക്കപ്പെട്ട പദ്ധതികളിൽ യഥാസമയം പൂർത്തീകരിക്കപ്പെടാതെ പോയ പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര ഫണ്ട് ലാപ്സായി പോയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ലാപ്സായിപോയ ഫണ്ടിന്റെ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ചെലവഴിക്കപ്പെടാതെ പോകുന്ന ഫണ്ടുകൾ സാമൂഹ്യ ദുർബല വിഭാഗങ്ങളെ എത്രത്തോളം വിനാശകരമായി ബാധിക്കുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

## നിർഭയ പദ്ധതി

1691. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതിപ്രകാരം നിർമ്മിക്കപ്പെട്ട ഏതെങ്കിലും കെട്ടിടം ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ ധനാഗമ മാർഗ്ഗത്തിനായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ:

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും, സ്ത്രീസുരക്ഷാകേന്ദ്രമായും മാത്രമേ പ്രവർത്തിപ്പിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(സി) നിർഭയ കേന്ദ്രങ്ങളുടെ നടത്തിപ്പിനായി സമാന ചിന്താഗതിയുള്ള സന്നദ്ധ സംഘങ്ങളും സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രസ്തുത പദ്ധതി ജനകീയമാക്കുന്നതിന് നിർദ്ദേശം നൽകുമോ?

## അതിജീവന ധനസഹായം

1692. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബനാഥന്റെ/കുടുംബനാഥയുടെ അകാല ദേഹവിയോഗം, സ്ഥായിയായ അംഗവൈകല്യം എന്നിവ മൂലം അശരണരാകുന്നവരുടെ കുടുംബത്തിന് പ്രതിമാസം 2000 രൂപ അതിജീവന ധനസഹായം നൽകുന്ന ഒരു സാമൂഹ്യ ക്ഷേമ പദ്ധതിക്ക് തുടക്കം കുറിക്കുമെന്ന 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി എന്നുമുതലാണ് നടപ്പാക്കിത്തുടങ്ങിയത് എന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിക്ക് നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് അറിയിക്കാമോ?

<u>ശ്രീമതി ചന്ദ്രലേഖാ ബിനുവിന്റെ അപേക്ഷ</u>

1693. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടം പൊളിക്കുന്നതിനിടെ വീണ് കാലുകൾക്ക് ചലനശേഷി നഷ്ടപ്പെട്ട വ്യക്തിക്ക് ത്രീവിലർ സ്കൂട്ടർ അനുവദിക്കുന്നതിന് ശ്രീമതി ചന്ദ്രലേഖാ ബിനു, മണ്ണയ്ക്കനാട്, മരങ്ങാട്ടുപള്ളി, കോട്ടയം ബഹു. പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ മന്ത്രിയ നൽകിയതും KSPHDC മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയതുമായ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷയിൽ തീർപ്പ കൽപ്പിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>നിർഭയ ഷെൽട്ടർ ഹോമുകൾ</u>

1694. **ശ്രീ.പി.സി വിഷ്ണുനാഥ്**

**,,** സി.പി.മുഹമ്മദ്

**,,** കെ.എസ്.ശബരീനാഥൻ

**,,** ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>നിർഭയ കേന്ദ്രങ്ങളുടെ നടത്തിപ്പ്</u>

1695. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ടുപയോഗിച്ച് എം.എൽ.എ.മാർ നിർദ്ദേശിച്ച നൽകുന്ന നിർഭയ കേന്ദ്രങ്ങളുടെ നടത്തിപ്പിനുള്ള തുക സർക്കാർ നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ബഡ്ജറ്റിൽ

വക കൊള്ളിച്ച് നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വ്യവസ്ഥകൾക്ക് വിധേയമായി, പ്രസ്തുത സ്ഥാപനങ്ങളുടെ നടത്തിപ്പിന് സമാന സ്വഭാവമുള്ള ഏതെങ്കിലും അംഗീകൃത ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിർഭയ കേന്ദ്രത്തോടനുബന്ധിച്ച് സ്ത്രീ സുരക്ഷയും സ്ത്രീ ശാക്തീകരണ പ്രവർത്തനവും സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങളും നടത്തുകയും സുതാര്യമായ യൂസർഫീ ഏർപ്പെടുത്തുകയും ചെയ്യുന്നതു വഴി സ്ഥാപന നടത്തിപ്പ് സുഗമമാവുമെന്ന് കരുതുന്നുണ്ടോ?

## ഇടുക്കി നിയോജകമണ്ഡലത്തിലെ ക്ഷേമ പ്രവർത്തനങ്ങൾ

1696. **ശ്രീ.റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ നീതി വകുപ്പുവഴി ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

## പോഷകാഹാര വിതരണ പദ്ധതി

1697. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകാഹാര വിതരണ പദ്ധതിയിലൂടെ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; സംസ്ഥാനത്ത് 2014-15 വർഷത്തിൽ എത്ര കുട്ടികൾക്കാണ് പ്രസ്തുത പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ വികസന പദ്ധതികൾ

1698. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചത്;ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി;

(ബി) പ്രസ്തുത പദ്ധതികൾക്കായി എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ട്രൈബൽ കോളനികളിൽ അന്നദായിനി

1699. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന ട്രൈബൽ കോളനികളിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന അന്നദായിനി പദ്ധതി നടപ്പാക്കുന്നതിന് ഓരോ വർഷവും എന്ത് തുക വീതം അനുവദിച്ചു;

(ബി) അനുവദിക്കപ്പെട്ട തുകയിൽ എന്ത് വീതം ചെലവഴിച്ചുവെന്നറിയിക്കാമോ?

അംഗപരിമിത സെൻസസ് നടത്തിയവർക്കുള്ള വേതനം

1700. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിയ അംഗപരിമിത സെൻസസിനായി വിവരശേഖരണം നടത്തിയ അങ്കണവാടി വർക്കർമാർക്കും മറ്റും നൽകേണ്ട പ്രതിഫല തുക മുഴുവനായും നൽകിയോ; ഇല്ലെങ്കിൽ കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിനായി എത്ര തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി; ഇതിൽ എന്ത് തുക നാളിതുവരെ ചെലവഴിച്ചു;

(സി) സെൻസസ് ഇപ്പോൾ ഏതു ഘട്ടത്തിൽ എത്തിനിൽക്കുന്നു എന്നറിയിക്കാമോ;

(ഡി) ഈ സെൻസസ് എപ്പോഴത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കാമോ?

ജെൻഡർ പാർക്ക്

1701. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്ത്രീശാക്തീകരണത്തിനും സുരക്ഷയ്ക്കുമായി ജെൻഡർ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം സ്ഥലത്ത് ജെൻഡർ പാർക്കിന്റെ പ്രവർത്തനം സ്ത്രീകൾക്ക് ഉപയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ട്;വിശദമാക്കുമോ;

(സി) ഇത് പ്രവർത്തിപ്പിക്കുന്നതിന് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടനയും അധികാരവും വിശദമാക്കുമോ ?

<u>ജെൻഡർ പാർക്ക്</u>

1702. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജെൻഡർ പാർക്ക് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചിരുന്നുവെന്നും അതിൽ എത്ര തുക പിൻവലിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ശിശുസൗഹൃദ അങ്കണവാടി കേന്ദ്രങ്ങൾ</u>

1703. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ ഉൾപ്പെടുത്തി ശിശുസൗഹൃദ അങ്കണവാടി കേന്ദ്രങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ എത്ര ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) പഞ്ചായത്തുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ഭൂരിഭാഗം പഞ്ചായത്തുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താതെ പോയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

<u>അഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്</u>

1704. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗൻവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും വേതനം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) വർദ്ധന വരുത്തുന്ന തുകയുടെ ഒരു വിഹിതം തദ്ദേശസ്ഥാപനങ്ങൾ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ബജറ്റിൽ പ്രഖ്യാപിച്ച, നടപ്പിൽ വരുത്താത്ത പദ്ധതികൾ

1705. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിൽ വരുത്താൻ സാധിക്കാതിരുന്നതുമായ പദ്ധതികൾ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ?

അങ്കണവാടി ജീവനക്കാർക്ക് മിനിമം വേതനം

1706. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്ക് മിനിമം വേതനം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ ആവശ്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളാൻ തയ്യാറാകുമോ; വിശദാംശം വെളിപ്പെടുത്താമോ ?

അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ പെൻഷൻ

1707. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് എന്ന് മുതലാണ് പെൻഷൻ പദ്ധതി ആവിഷ്കരിച്ചത്;

(ബി) പദ്ധതി ആരംഭിക്കുന്ന സമയത്ത് അനുവദിച്ച പ്രതിമാസ പെൻഷൻ തുക എത്ര; ഇപ്പോൾ നൽകി വരുന്ന പെൻഷൻ തുക എത്ര; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പെൻഷൻ തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണ നിയമം

1708. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണത്തിനായി നിർമ്മിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2015 -ൽ എത്ര പരാതികളാണ് ബന്ധപ്പെട്ട അധികാരികൾക്കു മുന്നിൽ ലഭിച്ചത്;

(സി) ഇതിൽ എത്ര പരാതികളിന്മേൽ തീർപ്പു കൽപ്പിച്ചു;

(ഡി) മറ്റു പെൻഷൻ ഒന്നും ലഭിക്കാത്ത മുതിർന്ന പൗരന്മാർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; സമഗ്രമായ ഒരു നയം ഇവരുടെ കാര്യത്തിൽ രൂപീകരിക്കുമോ?

<u>കോക്ലിയർ ഇംപ്ലാന്റേഷൻ - മാനദണ്ഡങ്ങൾ</u>

1709. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ സൗജന്യമായി നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ അംഗീകാരമുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സൗജന്യ ചികിത്സ ലഭിക്കുന്നതിന് നിഷ്കർഷിക്കപ്പെട്ട മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>അംഗൻവാടി കെട്ടിടത്തിനുള്ള ഫണ്ട്</u>

1710. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബ്ലോക്കിന് കീഴിൽ നഗരൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, കിളിമാനൂർ,കരവാരം ഗ്രാമപഞ്ചായത്തുകളിലായി 2014 മാർച്ച് 31 ന് ശേഷം എതെല്ലാം അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ഫണ്ട് ലഭ്യമായിട്ടുണ്ടെന്നും ഫണ്ട് ലഭ്യമായത് എവിടെ നിന്നാണെന്നും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(സി) നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം</u>

1711. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഇപ്പോഴത്തെ പ്രതിമാസ ഓണറേറിയം എത്രയാണ്;

(ബി) ഓണറേറിയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രയായി വർദ്ധിപ്പിക്കും; എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

<u>ആശ്വാസകിരണം പദ്ധതി</u>

1712. **ശ്രീ.എ.കെ.ബാലൻ**
,, പി.കെ.ഗുരുദാസൻ
,, പി.ടി.എ. റഹീം
**ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നത് ആരാണ്; നിലവിൽ തീർപ്പ് കല്പിക്കപ്പെടാതെ കിടക്കുന്ന അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ;

<u>ആശ്വാസകിരണം പദ്ധതി</u>

1713. **ശ്രീ.ടി.എൻ. പ്രതാപൻ**
,, ജോസഫ് വാഴയ്ക്കൻ
,, ബെന്നി ബെഹനാൻ
,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആശ്വാസകിരണം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സാമൂഹ്യനീതി വകുപ്പിന്റെ ക്ഷേമ പദ്ധതികൾ

1714. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യനീതി വകുപ്പിൽ നിന്നും മറ്റുമുള്ള വിവിധ ക്ഷേമ പദ്ധതികൾ ഏതെല്ലാമായിരുന്നുവെന്നും ഇപ്പോൾ അതിന് നൽകുന്ന തുക എത്രയാണെന്നും വിശദമാക്കുമോ;

(ബി) പുതുതായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

സർക്കാരിതര അനാഥാലയങ്ങൾ

1715. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രസ്റ്റുകളുടെയും ഇതര സ്ഥാപനങ്ങളുടെയും സ്വകാര്യവ്യക്തികളുടെയും ആഭിമുഖ്യത്തിൽ നടത്തിവരുന്ന എത്ര അനാഥാലയങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത അനാഥാലയങ്ങൾക്കു നൽകിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ നേരിട്ട് നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് അപര്യാപ്തമാണെന്നിരിക്കെ സർക്കാരിതര സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ഡി) സർക്കാരിതര സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്നും അത്തരം സ്ഥാപനങ്ങൾ കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സന്ദേശ്വൺ വായ്പാ പദ്ധതി

1716. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ സന്ദേശ്വൺ എന്ന പേരിൽ ഒരു വായ്പാ പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി എന്നാണ് ആരംഭിച്ചത്; എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് വായ്പ അനുവദിച്ചു; വായ്പ തുകയും, ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ പരിശീലനം നൽകുന്ന ഏജൻസിയുടെ പേര്, പരിശീലന കാലം, ഒരാളിൽ നിന്നും ഈടാക്കുന്ന പരിശീലന ഫീസ് എന്നിവ വ്യക്തമാക്കുമോ;

(ഡി) ഈ വായ്പാ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; ഇതിനായി പ്രത്യേക ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ, ഏജൻസികളുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഇ) ഈ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഏജൻസി ഉടമ, പാർട്ണർമാർ എന്നിവരുടെ പേരും മേൽവിലാസങ്ങളും ലഭ്യമാക്കുമോ?

## സാമൂഹ്യക്ഷേമ പെൻഷൻ

1717. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

## കൽപറ്റയിലെ സാമൂഹ്യനീതി വകുപ്പ് വികസന പദ്ധതികൾ

1718. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലയളവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

## വൃദ്ധജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ

1719. ശ്രീ.ടി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി.എ.മാധവൻ
,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാം; ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഇവരുടെ ക്ഷേമത്തിനുള്ള എത്ര ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെന്റ് അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളെ കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാണോ;

(ഡി) വൃദ്ധജനങ്ങളുടെ ചികിത്സ, മറ്റു ക്ഷേമകാര്യങ്ങൾ എന്നിവ ഏകോപിപ്പിച്ചു നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## അങ്കണവാടികളുടെ എണ്ണം

1720. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ അങ്കണവാടികളുടെ എണ്ണം എത്രയാണ്;

(ബി) ഇവയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിശദാംശങ്ങൾ നൽകാമോ?

## അശരണർക്കുള്ള ക്ഷേമ പദ്ധതികൾ

1721. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശരണരായ ജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സാമൂഹ്യ നീതി വകുപ്പ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും പദ്ധതിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) സാമൂഹ്യ നീതി വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകാൻ വകുപ്പ് എന്തൊക്കെ നടപടികളാണ്

സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ?

<u>സാമൂഹ്യസുരക്ഷാ മിഷൻ</u>

1722. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ സംസ്ഥാനതല ദിനാഘോഷം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ അത് എവിടെ വെച്ച് നടത്തി എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ദിനാഘോഷത്തിനു വേണ്ടി എത്ര രൂപ ചിലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ചിലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) സാമൂഹ്യസുരക്ഷാ മിഷൻ ആശ്വാസ കിരണം പദ്ധതിയുടെ ഭാഗമായി എത്ര രൂപ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>അട്ടപ്പാടിയിലെ കുടുംബശ്രീ കൈപ്പറ്റിയ തുക</u>

1723. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോന്നിലും സാമൂഹ്യ നീതിവകുപ്പിൽ നിന്ന് കുടുംബശ്രീ കൈപ്പറ്റിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും കുടുംബശ്രീ കൈപ്പറ്റിയ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>അംഗൻവാടികളുടെ ശോച്യാവസ്ഥ</u>

1724. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) സുരക്ഷിതമല്ലാത്ത വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം അംഗൻവാടികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിർമ്മാണം കഴിഞ്ഞിട്ടും അംഗൻവാടികൾക്കായി കൈമാറാത്ത കെട്ടിടങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

## വികലാംഗർക്കായി മുച്ചക്രവാഹനങ്ങൾ

1725. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ സൗജന്യമായി ലഭ്യമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പ്രായാധിക്യമുള്ള മാതാപിതാക്കളുടെ സംരക്ഷണം

1726. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായാധിക്യമുള്ള മാതാപിതാക്കളെ സംരക്ഷിക്കുവാൻ നിലവിലുള്ള നിയമ വ്യവസ്ഥകൾ എന്തെല്ലാം എന്നറിയിക്കുമോ;

(ബി) പ്രസ്തുത നിയമ വ്യവസ്ഥകൾ ലംഘിച്ച് മാതാപിതാക്കളെ ഉപേക്ഷിച്ചും തെരുവുകളിൽ തള്ളിയും വീട്ടിൽ പൂട്ടിയിട്ടും മറ്റുമായി എത്ര കേസ്സുകൾ ഈ സർക്കാർ കാലയളവിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ആയതിൽ എത്രയെണ്ണം ആഭ്യന്തര വകുപ്പിന് കൈമാറി; വ്യക്തമാക്കുമോ;

(സി) ഇത്തരം കേസ്സുകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് തടയുവാൻ നിയമം കർശനമായി നടപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) 2016 ജനുവരി മാസം 24-ാം തീയതി ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരായ മക്കളുണ്ടായിട്ടും (ഒരാൾ ഡോക്ടർ, ഒരാൾ ഹെൽത്ത് ഇൻസ്പെക്ടർ) അവർ പരിചരിക്കാനോ കൂടെ താമസിപ്പിക്കാനോ തയ്യാറാകാതെ തിരുവനന്തപുരത്തെ ശ്രീനാരായണ വനിതാ കൾച്ചറൽ അസോസിയേഷന്റെ ശരണാലയത്തിൽ കഴിഞ്ഞ കടയ്ക്കാവൂർ സ്വദേശിനി സുധാദേവി ആശുപത്രിയിൽ മരണമടഞ്ഞ സംഭവം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവരുടെ രോഗവിവരം അനാഥാലയാധികൃതർ നിരന്തരം ഫോണിലൂടെ അറിയിച്ചിട്ടും ഉദ്യോഗസ്ഥരായ മക്കൾ തിരിഞ്ഞുനോക്കാതെ മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഉദ്യോഗസ്ഥരായ മക്കളുണ്ടായിട്ടും അനാഥ ജീവിതവും മരണവും ഏറ്റുവാങ്ങേണ്ടി വന്ന തിനാൽ പ്രസ്തുത മരണത്തെക്കുറിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സാമൂഹ്യനീതി വകുപ്പ് ,ചീഫ് സെക്രട്ടറി, ഡി.ജി.പി. എന്നിവരോട് അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പദ്ധതികൾ

1727. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതമേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേനയും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലെ വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;വിശദികരിക്കുമോ;

(ബി) ഓരോ പദ്ധതിയും ആരംഭിച്ചത് എന്നു മുതൽക്കാണെന്നു വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; ഓരോ പദ്ധതിയും ആരംഭിച്ചത് എന്നാണ്; ഓരോ പദ്ധതിയും ആരംഭിച്ചപ്പോൾ എത്ര ഗുണഭോക്താക്കളാണുണ്ടായിരുന്നത്; ഇപ്പോൾ ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കളുണ്ട്?

## കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

1728. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിവകുപ്പിന് കീഴിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വകുപ്പിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം കേന്ദ്രസഹായം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) അതിൽ ഓരോ പദ്ധതിക്കും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കാമോ?

<u>ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ</u>

1729. ശ്രീ.കെ.ശിവദാസൻ നായർ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; വിശദമാക്കുമോ;

(ബി) ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാകുന്നുണ്ടോ;

(ഡി) ഇവർക്ക് നിലവിൽ ജോലി സംവരണം എത്ര ശതമാനമാണുള്ളത് ?

<u>ഗ്രാമപഞ്ചായത്തുകളിലെ പാലിയേറ്റീവ് കെയർ പ്രോജക്ട്</u>

1730. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പ്രോജക്ടിന് ഏതെല്ലാം രീതിയിലാണ് തുക കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയ്ക്ക് പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പാലിയേറ്റീവ് കെയർ നടപ്പാക്കുന്നതിനായി ഒരു നിധി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആരംഭിയ്ക്കുന്നതിനും പൊതുജനങ്ങളിൽ നിന്ന് കൂടി സംഭാവന സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
06-02-2016

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.